# ഹാലേലൂയ്യ

402
VOL. 17 | ISSUE 13
Pages 12

1-15 AUGUST, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-


## ഡോ.വൈ.ജയരാജ് നിത്യതയിൽ

*എൽ.സാം*

തിരുവനന്തപുരം: അസംബ്ലീസ് ഓഫ് ഗോഡ് ഇൻ ഇന്ത്യാ മുൻ ജനറൽ സൂപ്രണ്ടും പ്രമുഖ ലോക പെന്തെക്കോസ്ത് നേതാവുമായിരുന്ന പാസ്റ്റർ വൈ.ജയരാജ് (80) ജൂലൈ 20-ന് മധുരയിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം അഖിലേന്ത്യാ എ.ജി.ജനറൽ സൂപ്രണ്ട്റവ.ഡേവിഡ് മോഹന്റെ നേതൃത്വത്തിൽ ചെങ്കോട്ട കെ.പി.വലഡിയിൽ ജൂലായ് 22-ന് നടന്നു.

1995-ലാണ് പാസ്റ്റർ ജയരാജ് ഇന്ത്യാ എ.ജിയുടെ പ്രഥമ ദേശീയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. 2004 വരെ പ്രസ്തുത സ്ഥാനത്ത് തുടർന്നു. സ്വമേധയാ എല്ലാ ഔദ്യോഗികസ്ഥാനത്തു നിന്നും വിരമിച്ച ശേഷം പ്രസംഗ പര്യടനങ്ങളിൽ വ്യാപൃതനായിരുന്നു. കോട്ടയത്ത് റവ. ഡോ. യോംഗീചോയ്ക്ക് ആതിഥ്യമരുളിയ പെന്തെക്കോസ്ത് സമ്മേളനങ്ങളിലും അദ്ദേഹം പ്രസംഗകനായിരുന്നു.

1958 മുതൽ എ.ജി.തമിഴ് ഡിസ്ട്രിക്ടിന്റെ വിവിധ ചുമതലകളും നേതൃത്വവും വഹിച്ചിരുന്ന ഈ കർതൃദാസൻ 1961-79 വരെ സൗത്ത് ഇന്ത്യാ ജനറൽ സൂപ്രണ്ടായിരുന്ന പാസ്റ്റർ എ.സി.സാമുവേൽ, ഡോ. സി. കുഞ്ഞുമോൻ എന്നിവരോട് കൂടി അസി.സൂപ്രണ്ടായും 1979-1991 വരെ സൗത്തിന്ത്യാ ജനറൽ സൂപ്രണ്ടായും സേവനമനുഷ്ഠിച്ചു. ബാംഗ്ലൂർ സൗതേൺ ഏഷ്യാ ബൈബിൾ കോളജ് ഡോക്ടറേറ്റ് നൽകി പാസ്റ്റർ ജയരാജിനെ ആദരിക്കയുണ്ടായി.



തിരുനെൽവേലിയിലെ ഒരു പെന്തെക്കോസ്ത് കുടുംബത്തിൽ ജനിച്ച ജയരാജ് 8-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ട് ജലസ്നാനം സ്വീകരിച്ചു.



*ഡോ.ജയരാജും ഭാര്യയും*

1928 സെപ്തംബർ 8-ന് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ശേഷം തനിക്കുണ്ടായിരുന്ന ജോലി ഉപേക്ഷിച്ച് സുവിശേഷകനായി തമിഴ്നാട്ടിൽ നിരവധി സഭകൾ സ്ഥാപിച്ചു. ചെങ്കോട്ടാ ഇൻഡസ്ട്രിയൽ സ്കൂൾ സ്ഥാപിച്ചു.

1952 നവംബർ 28-ന് രാജമ്മയെ വിവാഹം കഴിച്ചു. ജയരാജ്-രാജമ്മ ദമ്പതികൾക്ക് ദൈവം അഞ്ചു മക്കളെ നൽകി. അവരെല്ലാവരും കർതൃശുശ്രൂഷയിലാണ്. 1991 ജനുവരി 21-ന് 61-ാമത്തെ വയസ്സിൽ കർതൃദാസി രാജമ്മ നിര്യാതയായി.

മക്കൾ: റോബർട്ട് ജയരാജ് (അസംബ്ലീസ് ഓഫ് ഗോഡ് ദേശീയ അസി.സൂപ്രണ്ട്), സ്റ്റീവ് ജയരാജ് (സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് അസി.ജന.സൂപ്രണ്ട്), എബനേസർ ജയരാജ് (അസംബ്ലീസ് ഓഫ് ഗോഡ്, മധുര), പാസ്റ്റർ ഏൾ രാജ് (യൂണിയൻ ചർച്ച്, യു.എസ്.എ), ഹെലൻ (മധുര ഫസ്റ്റ് എ.ജി.ചർച്ച്)

മരുമക്കൾ: പെട്രീഷ്യാ, നിർമ്മലാ റോസ്‌ലിൻ, ഹെബ്സിബാ, വിമല, പാസ്റ്റർ ബെഞ്ചമിൻ ആഡംസ്.

വിനയവും ലാളിത്യവും, അതിഥി സത്ക്കാര പ്രിയവും, സാഹോദര്യവും ആർജ്ജവത്വവും, സ്വഭാവ വൈശിഷ്ട്യവും, സമചിത്തതയോടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള ദൈവകൃപയും, വചന പാണ്ഡിത്യവും, പ്രസംഗ പാടവവും, നേതൃത്വ ഗുണവും, ഭരണ തന്ത്രജ്ഞതയും, എല്ലാ ദൈവജനങ്ങളെയും ഉൾക്കൊള്ളുന്നതിനുള്ള വിശാല മനസ്ക്കതയും ,സമഭാവനയും ഒന്നിച്ചിണങ്ങിയ തിളക്കമാർന്ന വ്യക്തിത്വമായിരുന്നു പാസ്റ്റർ ജയരാജിന്റേത്.

## സ്വവർഗ്ഗ സ്നേഹികളെയും അംഗീകരിക്കാം ഫ്രാൻസിസ് മാർപ്പാപ്പ

*തോമസ് മുല്ലയ്ക്കൽ*



ബ്രസീൽ: സ്ഥാനമേറ്റതു മുതൽ വിവാദങ്ങളുടെ തോഴനായി മാറിയ പോപ്പ് ഫ്രാൻസിസ് വിവാദച്ചുഴിയിൽ. കത്തോലിക്കാ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളെ തകിടം മറിക്കുന്ന നിലയിലാണ് സ്വവർഗ്ഗ സ്നേഹികൾക്കനുകൂലമായി അദ്ദേഹം പ്രസ്താവന നടത്തിയത്. ബ്രസീലിലെ 30 ലക്ഷത്തിലധികം വരുന്ന ജനത്തിന്റെ ആവേശോജ്വലമായ സ്വീകരണമേറ്റുവാങ്ങിയതിന് ശേഷം വിമാനത്തിൽ വച്ച് നൽകിയ പത്രസമ്മേളനത്തിൽ കോടിക്കണക്കിന് കത്തോലിക്കരുടെ പരമാചാര്യൻ പറഞ്ഞതിങ്ങനെ "ഒരു സ്വവർഗ്ഗ സ്നേഹി (Gay) ശുദ്ധഹൃദയത്തോട് കൂടി ദൈവത്തെ അന്വേഷിച്ചാൽ വിധി കല്പിക്കുവാൻ ഞാൻ ആരാണ്?" പോപ്പ് ഫ്രാൻസിസിന് മുമ്പുണ്ടായിരുന്ന മാർപ്പാപ്പാമാരുടെ വാക്കുകളുമായി ചേർത്തു വയ്ക്കുമ്പോഴാണ് പോപ്പിന്റെ നിലപാട് മാറ്റത്തിന്റെ വ്യതിയാനം മനസ്സിലാകുന്നത്.

പോപ്പ് ബെനഡിക് 26-ാമൻ പറഞ്ഞത് സ്വവർഗ്ഗസ്നേഹി പ്രകൃതി വിരുദ്ധനും മാനസിക വൈകൃതമുള്ളവനുമാണെന്നാണ്. ജോൺ പോൾ രണ്ടാമൻ സ്വവർഗ്ഗ സ്നേഹത്തെ നിശിതമായി എതിർത്തിരുന്ന വ്യക്തിയാണ്. സ്വവർഗ്ഗസ്നേഹം പാപമാണെന്ന് പോപ്പ് ഫ്രാൻസിസ് ഓർമ്മിപ്പിക്കുന്നെങ്കിലും അത് ചെയ്യുന്നവരെ അംഗീകരിക്കുന്നത് ലോകമെങ്ങുമുള്ള സ്വവർഗ്ഗ സ്നേഹികൾക്ക് ആവേശമുണർത്തിയിട്ടുണ്ട്.

സ്ത്രീകൾക്ക് സഭയിൽ കൂടുതൽ നിർണ്ണായകമായ സ്ഥാനം ഉണ്ടാകണമെന്നും പോപ്പ് പ്രസ്താവിച്ചു. സ്ത്രീ പൗരോഹിത്യത്തെ അനുകൂലിക്കുന്നില്ലെങ്കിലും എന്തിന് സ്ത്രീകളെയും പുരുഷന്മാരെയും രണ്ടായി കാണണമെന്ന ചോദ്യത്തിൽ ചിലതൊക്കെ ഒളിഞ്ഞുകിടപ്പുണ്ട്. വിവാഹമോചിതരായവർക്ക് തിരുബലിയിൽ പങ്കെടുക്കുന്നതിന് കുഴപ്പമില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

യൂറോപ്പിലെ പല രാജ്യങ്ങളിലും സ്വവർഗ്ഗ വിവാഹം നടത്തുന്നതിന് അനുകൂലമായുള്ള ബില്ലുകൾ ഭരണകൂടങ്ങൾ അവതരിപ്പിക്കുവാനിരിക്കുന്ന ഘട്ടത്തിൽ അതിനെ ഏറ്റവും ശക്തമായി എതിർക്കുന്ന കത്തോലിക്കാ സഭയുടെ പ്രാദേശിക നേതൃത്വത്തെ അക്ഷരാർത്ഥത്തിൽ വെട്ടിലാക്കിയിരിക്കുകയാണ് ഫ്രാൻസിസ് പോപ്പ്.

## അസംബ്ലീസ് ഓഫ് ഗോഡ് 17-ാമത് സമ്മേളനം സമാപിച്ചു



*തിരുവത്താഴ ശുശ്രൂഷയ്ക്ക് റവ.ജോർജ്ജ് പി.ചാക്കോ നേതൃത്വം നൽകുന്നു*

ന്യൂയോർക്ക്: അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ 17-ാമത് കോൺഫ്രൻസ് കണക്ടിക്കട്ടിൽ സമാപിച്ചു. ജൂലൈ 18-21 വരെ നടന്ന കോൺഫ്രൻസ് മികച്ച സംഘാടക പാടവം കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

കോൺഫ്രൻസ് ജനറൽ കൺവീനർ റവ.ജോർജ്ജ് പി.ചാക്കോ ഉദ്ഘാടനം ചെയ്ത കോൺഫ്രൻസിൽ റവ. ടിനു ജോർജ്ജ്, റവ.ടെറി ബെയ്റ്റസ്, പാസ്റ്റർ ബിനോയ് ഏബ്രഹാം എന്നിവർ മുഖ്യപ്രസംഗകരായിരുന്നു. ഞായറാഴ്ച നടന്ന ആരാധനയിൽ റവ.ജോർജ്ജ് പി.ചാക്കോ തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി.

ജോമോൻ ഗീവർഗീസ് സെക്രട്ടറിയായും, പാസ്റ്റർ തോമസ് ഏബ്രഹാം ജോ.കൺവീനറായും, ജോർജ്ജ് ടി. ചാക്കോ ട്രഷററായും നേതൃത്വം നൽകി. 2014-ലെ കോൺഫ്രൻസ് ഒക്കലഹോമയിലും 2015-ലെ കോൺഫ്രൻസ് ചിക്കാഗോയിലും നടക്കും.

## ടി.എസ്.ബാലൻ ഒരു യുഗം അവസാനിച്ചു



പെരുമ്പാവൂർ: ഡിഫൻഡർ പത്രത്തിന്റെ പത്രാധിപരും ശാരോൻ ഫെലോഷിപ്പ് സഭയിലെ മുൻ പാസ്റ്ററുമായിരുന്ന ടി.എസ്.ബാലൻ (57) നിര്യാതനായി. ജൂലൈ 24-ന് ഹൃദയാഘാതത്തെത്തുടർന്ന് ചെങ്ങന്നൂരിൽ വച്ചാണ് അന്ത്യം. സംസ്ക്കാരം 27-ന് പെരുമ്പാവൂർ ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ പാസ്റ്റർ ഏബ്രഹാം തോമസിന്റെ നേതൃത്വത്തിൽ നടന്നു.

ഇടുക്കി ജില്ലയിലെ കൊച്ചറ സ്വദേശിയായ ബാലകൃഷ്ണൻ നായർ എന്ന ടി.എസ്.ബാലൻ യൗവ്വനാരംഭത്തിൽ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു. നാഗലാൻഡിൽ സ്കൂൾ അദ്ധ്യാപകനായും, മാനേജരായും ജോലി ചെയ്തു. പിന്നീട് നാട്ടിൽ തിരിച്ചെത്തിയ ശേഷം ശാരോൻ സഭയിൽ പാസ്റ്ററാകുകയും ബഥനി അക്കാഡമിയിലും ചില ബൈബിൾ കോളജുകളിലും പഠിപ്പിക്കുകയും ചെയ്തു.

വേദപുസ്തകത്തിലും തിയോളജിയിലും നല്ല അറിവും നല്ല ഭാഷയിൽ എഴുതുവാനും പ്രസംഗിക്കുവാനുമുള്ള കഴിവും ടി.എസ്.ബാലനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ 'മരിച്ചവർ എവിടെ' എന്ന പുസ്തകം ആ രംഗത്തെ മികച്ച രചനയാണ്. ഹൈന്ദവപുരാണങ്ങളിലെ പ്രജാപതിയും ബൈബിളിലെ യേശുക്രിസ്തുവും ഒരാളാണെന്ന പഠിപ്പിക്കലിനെതിരെ പ്രതികരിച്ചുകൊണ്ടാണ് ബാലൻ പെന്തെക്കോസ്ത് സമൂഹത്തിൽ സ്വന്ത ഇരിപ്പിടം കണ്ടെത്തിയത്. ആ ആശയത്തിന്റെ പ്രചരണവുമായി ബന്ധപ്പെട്ടാണ് ഡിഫൻഡർ മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്.

പ്രജാപതി വിഷയത്തിലുണ്ടായ വിജയവും അംഗീകാരവും പെന്തെക്കോസ്ത് സമൂഹത്തിലെ ചെറുതും വലുതുമായ നിരവധി വിഷയങ്ങൾ വിമർശനവിധേയമാക്കുവാൻ ടി.എസ്.ബാലന് ഊർജ്ജം നൽകി. ക്രമേണ വിമർശനങ്ങൾ വ്യക്തികളുടെ സ്വകാര്യജീവിതത്തെ കീറിമുറിയ്ക്കുന്ന നിലയിലേക്ക് മാറി. നിരവധി കള്ളനാണയങ്ങളെ വെളിയെ കൊണ്ടുവരാനും ദുരുപദേശക്കാർക്ക് തടയിടുവാനും സാധിച്ചതോടൊപ്പം നിരപരാധികളായ നിരവധി വ്യക്തികളും കുടുംബങ്ങളും പൊതുജനമദ്ധ്യത്തിൽ അപഹാസ്യരാക്കപ്പെടുന്നതിനും ഡിഫൻഡർ മുഖാന്തിരമായി. ലൈംഗീക ആരോപണങ്ങൾ കൊണ്ട് പരിണിതപ്രജ്ഞരായ ദൈവദാസന്മാരെ കരുണയില്ലാതെ അക്രമിച്ച ബാലൻ അതിനുപയോഗിച്ച ഭാഷ ഏറ്റവും ഹീനമായിരുന്നു. വിമർശനങ്ങൾക്ക് സഭ്യമായ ഭാഷയും വിമർശനവിധേയർക്ക് തങ്ങളുടെ വിശദീകരണങ്ങൾ പറയാൻ അവസരവും നൽകിയിരുന്നെങ്കിൽ ബാലന്റെ ലക്ഷ്യം സമൂഹത്തിന്റെ നന്മയാണെന്ന് വിലയിരുത്തപ്പെട്ടേനേ.

പാസ്റ്റർ ടി.എസ്.ഏബ്രഹാം മകൾ മേഴ്സി ലൂക്ക് എന്നിവരുടെ മോർഫ് ചെയ്തുണ്ടാക്കിയ അശ്ലീല ചിത്രങ്ങൾ ഇമെയിൽ വഴി പ്രചരിച്ച കേസിൽ പ്രതിയാണ്-ടി.എസ്.ബാലൻ. ഈ കേസിൽ പത്തനംതിട്ട കോടതി ബാലനെ ശിക്ഷിച്ചിരുന്നു. കേരളത്തിൽ ശിക്ഷ വിധിക്കപ്പെട്ട ആദ്യ സൈബർ കേസ് എന്ന നിലയിൽ വൻ മാധ്യമ ശ്രദ്ധയാണ് ഈ കേസിന് ലഭിച്ചത്. ഈ കേസിന്റെ ശരി-തെറ്റുകൾ എന്തായിരുന്നാലും പെന്തെക്കോസ്ത് സഭകൾക്ക് മൊത്തം സമൂഹമധ്യേ അവമതിയുണ്ടാക്കിയ സംഭവമായി ഇത് പരിണമിച്ചു.

പാപത്തിനും, അഴിമതിക്കും എതിരെ വ്യക്തിഹത്യയിലൂടെ

*(ശേഷം 8-ാം പേജിൽ)*

# ഹംബിൾ ഹാരിയുംഒരുസിംപിൾ പാഠവും!

ഹംബിൾ ഹാരി കിഴക്കൻ കെന്റക്കി നിവാസിയായ ഒരു വൃദ്ധനാണ്. അദ്ദേഹത്തിന്റെ ഭാര്യ ദീർഘവർഷങ്ങൾക്കു മുമ്പേ മരിച്ചു. രണ്ടു മക്കൾ കുടുംബസമേതം അന്യസംസ്ഥാനങ്ങളിൽ ജീവിക്കുന്നു. തികഞ്ഞ ദൈവഭക്തനായ ഹാരി കൃഷിതല്പരനായിരന്നു. നീതിയോടും വിശ്വസ്തതയോടും പ്രവർത്തിച്ച ഹാരിയുടെ ഉത്പന്നങ്ങൾ പെട്ടെന്നു തന്നെ നാട്ടുകാരുടെ പ്രശംസപിടിച്ചുപറ്റി. ഹാരിക്ക് തന്റെ ഉത്പന്നങ്ങൾ ചന്തയിൽ കൊണ്ടുപോകേണ്ടതില്ല, ആളുകൾ വീട്ടിൽ വന്ന് ക്യൂനിന്നു വാങ്ങുമായിരുന്നു. വീടിനോടു ചേർന്നു ശനിയാഴ്ചകളിൽ മാത്രം പ്രവർത്തിക്കുന്ന ഹംബിൾ സ്റ്റോർഅങ്ങനെ വൻ വിജയമായി.

കൃഷിയെ ഒരു വരുമാനമാർഗ്ഗമായല്ല ഹാരി കണ്ടിരുന്നത് മറിച്ച് ദൈവം തന്നെ ഭരമേൽപ്പിച്ച നിയോഗമായാണ്. ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യന് തന്റെ കൃഷിത്തോട്ടത്തിൽ നിന്നും ആഹാരം ഉത്പാദിപ്പിച്ചു നൽകുവാൻ താൻ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നതായി ഹാരി വിശ്വസിച്ചു.ഹാരിയുടെ ഈ വിശ്വാസം അടിസ്ഥാനരഹിതമല്ല. നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്യുവിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിക്കുവിൻ.(കൊലൊ. 3:23-24) എന്ന വചനം ഒരിക്കൽ സണ്ടേസ്കൂളിൽ മനപ്പാഠവാക്യമായി ഹാരിക്കുപഠിക്കേണ്ടിവന്നു. ആവചനം ഹാരിയുടെ ജീവിതത്തെ ആകമാനം സ്വാധീനിച്ചു. അന്നുമുതൽ, ഹാരി ചെയ്യുന്നതെല്ലാം മനുഷ്യർക്കുവേണ്ടി ചെയ്യാതെ ദൈവത്തിനെന്നവണ്ണം ചെയ്വനാരംഭിച്ചു. തന്മൂലം, ചാരിതാർത്ഥ്യമുള്ള ഒരു ജീവിതം നയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ഒരു വേനൽക്കാലത്ത് ഹാരിയുടെ കൊച്ചുമകൻ നേഥൻ ചിലദിവസങ്ങൾ വല്യപ്പനോടെപ്പം ചിലവഴിക്കാനെത്തി. രാവിലെയും വൈകുന്നേരവും അടുക്കളയിലെ വട്ടമേശയിൽ വലിയ കോഫി മഗ്ഗുമായിരുന്നു മണിക്കൂറുകൾ ബൈബിൾ വായിക്കുന്ന വല്യപ്പനെ നേഥൻ അതിശയത്തോടാണ് കണ്ടിരുന്നത്. നേഥൻ അവസാനം മനസ്സുതുറന്നു: ഗ്രാൻപാ, ഇങ്ങനെ ബൈബിൾ വായിക്കുവാൻ ഗ്രാൻപായക്കു കഴിയുന്നത് എന്നെ അതിശയിപ്പിക്കുന്നു. ഞാനാണെങ്കിൽ ബൈബിൾ അഞ്ചുമിനിറ്റു വായിക്കുമ്പോൾ തന്നെ മടുക്കും, വായിച്ചതൊന്നും മനസ്സിലിരിക്കയുമില്ല.

ഹാരി അതിന് മറുപടിയൊന്നും പറഞ്ഞില്ല, പകരം നേഥനെ വാത്സല്യപൂർവ്വം തലോടിക്കൊണ്ട് ആവശ്യ

## ഉപമയും ഉൾക്കാഴ്ചയും

**കെ. എസ്. ഏബ്രഹാം - കടുത്തുരുത്തി**



പ്പെട്ടു: മോൻ കൽക്കരിവാരുന്ന ആ കുട്ടയെടുത്തുകൊണ്ട് നദിയിലേക്കു ചെന്ന് വേഗം ഒരു കുട്ട വെള്ളം കൊണ്ടുവരണം. ഗ്രാൻപായുടെ ആവശ്യം നിറവേറ്റുവാനുള്ള ഉത്സാഹത്താൽ, മറ്റൊന്നും ആലോചിക്കാതെ നേഥൻ കുട്ടയുമെടുത്ത് ഓടി. പെട്ടെന്ന് തിരികെ വന്ന നേഥൻ സങ്കടത്തോടെ കാലിക്കുട്ട കാട്ടിയിട്ടു പരിഭവപ്പെട്ടു: ഗ്രാൻപാ, കുട്ടയിലെങ്ങനാ വെള്ളം കൊണ്ടുവരുന്നത്, ദാ വെള്ളമെല്ലാം ചോർന്നുപോയി.ഒരു ബക്കറ്റു തന്നാൽ ഞാൻ വെള്ളം ഇപ്പോൾ കൊണ്ടുവരാം.

ഉള്ളിൽ ചിരിയടക്കിക്കൊണ്ട് ഹാരി: മോനെ, എനിക്കു ബക്കറ്റിലല്ല കുട്ടയിൽ തന്നെ വെള്ളം വേണം. നിന്റെ ഓട്ടത്തിനു വേഗമില്ലാഞ്ഞിട്ടാണ് വെള്ളം ചോർന്നുപോയത്. ഇതു കേട്ടയുടനെ നേഥൻ വീണ്ടും ഓടിയിട്ടു മടങ്ങിവന്നു: നോക്കു ഗ്രാൻപാ ഈ പ്രാവശ്യവും വെള്ളം ചോർന്നുപോയി. അതുകേട്ട ഭാവം നടിക്കാതെ ഹാരി പറഞ്ഞു: ഇല്ല, നിന്റെ ഓട്ടത്തിനു വേഗതയില്ല ഒന്നുകൂടെ വേഗത്തിൽ ശ്രമിക്കൂ.. നേഥൻ തന്റെ സകലശക്തിയും ഉപയോഗിച്ച് ഓടിനോക്കി. കാലിക്കുട്ടയുമായി നിരാശയോടെ മടങ്ങിയെത്തിയ നേഥൻ ഗ്രാൻപായോടു പറഞ്ഞു: ഈ പ്രാവശ്യവും എന്റെ ഓട്ടം വെറുതെയായെന്നു പറഞ്ഞാൽ മതി.

മനസ്സുമടുത്ത നേഥനെ ഹാരി നെഞ്ചോടു ചേർത്തുനിർത്തി ശിരസ്സിൽ വിരലുകളോടിച്ചുകൊണ്ടു പറഞ്ഞു: മോനേ, നിന്റെ പ്രവൃത്തി ഒരിക്കലും നിഷ്ഫലമായിട്ടില്ല, നോക്കൂ.. നീ ആ ബാസ്കറ്റ് ഇവിടെനിന്നും എടുത്തപ്പോൾ കൽക്കരിപോലെ കറുത്തതായിരന്നു ഇപ്പോൾ അത് വൃത്തിയും വെടിപ്പുമുള്ളതായിരിക്കുന്നു. ഹാരി അതുപറഞ്ഞപ്പോൾ നേഥൻ ആ കുട്ടയിലേക്കു നോക്കി. അവനും അതിശയം തോന്നി. അതേ, ആ കുട്ട മനോഹരമായിരിക്കുന്നു. വെള്ളം കിട്ടിയില്ലെങ്കിലും കുട്ടവൃത്തിയായതിൽ അവൻ അഭിമാനിച്ചു.

ഹാരി തുടർന്നു: മോനേ, ബൈബിൾ നിരന്തരമായി വായിക്കുന്നതുകൊണ്ട് സംഭവിക്കുന്നതും ഇതുതന്നെയാണ്. ദൈവത്തിന്റെ വചനം മുഴുവനും നമ്മുടെ ബുദ്ധിയിൽ തങ്ങിനില്ക്കില്ല. പക്ഷേ, ഓരോ പ്രാവശ്യം നാം ബൈബിൾ വായിക്കുമ്പോഴും ദൈവവചനം നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കും! അതുകൊണ്ട്, ബൈബിൾ നിരന്തരം വായിച്ചുകൊണ്ടിരിക്കുക. തന്മൂലം, ദൈവം നിരന്തരമായി നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കും. യേശുക്രിസ്തു അരുളിച്ചെയ്തു: ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. (യോഹ. 15:3)

# 25 വർഷത്തിന് ശേഷം പെന്തെക്കോസ്തിൽ സംഭവിക്കുന്നത്




**പി.റ്റി.ജോൺ, ഒമാൻ**

പ്രിയപ്പെട്ട സാംകുട്ടി ചാക്കോയുടെ 25 വർഷത്തിന് ശേഷം പെന്തെക്കോസ്തിന് സംഭവിക്കുന്നത് എന്ന ലേഖനം 'യാത്രക്കിടയിൽ' എന്ന പംക്തിയിൽ ജൂലൈ ഒന്നിലെ പതിപ്പിൽ വായിപ്പാനിടയായി.

ലേഖനം നന്നായിരിക്കുന്നുവെന്നതല്ലാതെ അതിൽ പെന്തെക്കോസ്ത് വീക്ഷണത്തിൽ ഒന്നും കാണാനില്ല. കർത്താവും കർത്താവിന്റെ വിലപ്പെട്ട ദാസന്മാരും മുമ്പ് പ്രവചനാത്മാവിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇന്ന് സംഭവിച്ചു കാണുന്നു എന്നല്ലാതെ പുതുമയൊന്നും അതിലില്ല. മനോരമയോ മറ്റു പ്രസിദ്ധീകരണങ്ങളോ എഴുതുന്നതു പോലെ പെന്തെക്കോസ്തുകാർക്ക് എഴുതുവാൻ പറ്റുമോ? കർത്താവ് വേഗം വരുന്നു എന്ന് പറയുകയും പഠിപ്പിക്കുകയും ചെയ്യുന്ന നമ്മൾ അത്തരത്തിലുള്ള ചിന്ത അഴിച്ചുവിടുന്നത് പല തലങ്ങളിലേക്ക് ചിന്ത കയറി ഇറങ്ങാൻ സാഹചര്യം ഒരുക്കും.

ഇടയ്ക്ക് പറയട്ടെ, ഇന്നത്തെ നിലയിൽ കാര്യങ്ങൾ എത്തിച്ചതിൽ മുഖ്യപങ്ക് ദൈവം ശുശ്രൂഷ എല്പിച്ച ശുശ്രൂഷകന്മാരും അവരുടെ തലമുറകളുമാണ്. അത് നേട്ടമായാലും, കോട്ടമായാലും ഏതു തരത്തിൽ ആയാലും അതു തന്നെയാണ് ശരി. വിശദീകരണവും ആവശ്യമായാൽ എഴുതാം. ആത്മികരെ വാർത്തെടുക്കുവാൻ ഉപകരിച്ചതു പോലെ, അനുതാപം ഇല്ലാത്ത ആത്മികരെ വാർത്തെടുക്കുവാനും അവരാൽ സാധിച്ചു. നിഷ്കളങ്കരായി സമുദായം വിട്ട്, ജാതി വിട്ട്, കൂട്ടം വിട്ട് പരമാർത്ഥ ഹൃദയത്തോടെ വിശ്വാസ ജീവിതത്തിലേക്ക് കടന്നു വന്നവരെ ഇത്തരത്തിലാക്കിയത് ആരാണ്? ആ വിഷയം ഇവിടെ വിടുന്നു.

25 വർഷം കഴിയുമ്പോഴും, സാംകുട്ടി ചാക്കോ എഴുതിയതു പോലെ നടക്കാമെങ്കിലും, ദൈവത്തിന് വേണ്ടി വിശുദ്ധരായി നില്ക്കുന്ന ഒരു നല്ല കൂട്ടരെ ദൈവം ഉയർത്തും. ലോകം ദുഷിക്കപ്പെട്ട കാലത്തൊക്കെയും ദൈവം ദൈവത്തിനായി ഓരോരുത്തരെ എഴുന്നേൽപ്പിച്ച ചരിത്രം വിശുദ്ധ വേദപുസ്തകത്തിലുണ്ട്.

1. യിസ്രായേലിന്റെ അവസ്ഥ മോശമായപ്പോൾ ദൈവം മോശെയെ എഴുന്നേല്പിച്ചു
2. ശീലോവിൽ സമാധാനപരമായി ആരാധന നടക്കാതെ വന്നപ്പോൾ, ദൈവപ്രഭ കുറഞ്ഞപ്പോൾ ദൈവം ശമുവേലിനെ എഴുന്നേല്പിച്ചു.
3. ആഹാബും അനുയായികളും ദൈവത്തെ വിട്ടപ്പോൾ ദൈവം ഏലിയാവിനെ എഴുന്നേല്പിച്ചു

അതേ പോലെ 25 വർഷം കഴിയുമ്പോഴും ദൈവം ദൈവത്തിനായി അനേകരെ എഴുന്നേല്പിക്കും. അതിന് സംശയംവേണ്ട. വിശുദ്ധരായ കുറേപ്പേർ അന്നും ഉണ്ടാകും.

ലോകത്തിന് പുരോഗതി വന്നതിൽ ചിലതൊക്കെ താഴെക്കുറിക്കുന്നു.

1. Wheel & Axle കണ്ടു പിടുത്തം
2. Cement-ന്റെ കണ്ടു പിടുത്തം
3. Communication-ന്റെ വ്യാപ്തിയും അതിന്റെ നൂതന കണ്ടുപിടുത്തങ്ങളും, Transport-ന്റെ വളർച്ച
4. Solar Energy-യുടെ വളർച്ച

ഈ കണ്ടുപിടുത്തങ്ങൾ മനുഷ്യരാശിയെ വളർച്ചക്ക് സഹായിച്ചു. 25 വർഷം കഴിയുമ്പോഴും ഇത്തരത്തിലുള്ള സാങ്കേതിക മികവുകൾ ലോകത്തെ വളർത്തുമ്പോൾ, മാറ്റം വരുത്തുമ്പോൾ പെന്തെക്കോസ്തുകാർക്ക് അതിൽ നിന്നും ഒഴിയുവാൻ പറ്റത്തില്ലല്ലോ. അതു കൊണ്ട് സാംകുട്ടി ചാക്കോ പറയുന്നതു പോലെയൊക്കെ മാറ്റം വരാം. അതൊന്നും ദൈവത്തിന്റെ പദ്ധതിയെ ബാധിക്കാതെ നിയന്ത്രിക്കുവാൻ ദൈവത്തിന് കഴിയും.

മിസ്രയീമിൽ നിന്ന് പുറപ്പെട്ടവരെല്ലാവരും കനാനിൽ എത്തിയില്ലായെന്ന് നാം വിശുദ്ധവേദപുസ്തകത്തിൽ വായിക്കുന്നതുപോലെ എല്ലാവരും നിതൃതയിൽ എത്തുകയില്ലായെങ്കിലും, ദൈവം തനിക്കുള്ളവരെ കരുതിക്കൊള്ളും. പഴയതിനേക്കാൾ ശക്തന്മാരായ ദൈവദാസന്മാർ ഉയർന്നു വരും. സംശയിക്കേണ്ട. നാം ചെയ്യേണ്ട ഒരു കാര്യമേയുള്ളു. 15-ാം സങ്കീർത്തനം 4-ാം വാക്യത്തിൽ പറയുന്നത് പാലിക്കണം. വഷളനെ നിന്ദ്യനായി എണ്ണുകയും, യഹോവ ഭക്തന്മാരെ ബഹുമാനിക്കുകയും ചെയ്യണം. വിവേചനവരം പ്രാപിക്കണം. തിരിച്ചറിവ് പ്രാപിക്കണം. അതിന് ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## സി.ഡി.പ്രകാശനം




ഒക്കലഹോമ, യു.എസ്.എ: പീസ് ഫോഴ്സസിന്റെ ആദ്യ മ്യൂസിക് സി.ഡി.മജസ്റ്റി വോയ്സ് ഡയറക്ടർ പാസ്റ്റർ സാബു ജോൺ പാസ്റ്റർ ജോർജ്ജ് തോമസിന് നൽകി പ്രകാശനം ചെയ്തു. നല്ല ശമര്യാക്കാരൻ എന്ന സിഡി ആവശ്യമുള്ളവർ ബന്ധപ്പെടുക ഫോൺ: 9969268412, പാസ്റ്റർ ഷിബു ചാക്കോ 405-535-2158 ഇവാ. ബെന്നി പാപ്പച്ചൻ

## ഏകദിന വനിതാ സെമിനാർ

പായിപ്പാട്: ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ശുശ്രൂഷകന്മാരുടെ ഭാര്യമാർക്കു വേണ്ടി ഏകദിന വനിതാ സെമിനാർ ആഗസ്റ്റ് 14-ന് തിരുവല്ല ഗോസ്പൽ സെന്ററിൽ നടക്കും. പ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. സഭാ വളർച്ചയിൽ സഹോദരിമാരുടെ ശുശ്രൂഷാ പങ്കാളിത്വം, ഉത്തരവാദിത്വം, ക്രിസ്തീയ വനിതയുടെ ദൗത്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കി സിസ്റ്റർ മേഴ്സി തോമസ്, ഡോ.ജസ്സി ജെയ്സൺ എന്നിവർ ക്ലാസ് എടുക്കും.

## മലാലക്ക് സുവിശേഷ കത്ത്



തൃശൂർ: മതതീവ്രവാദികളുടെ ആക്രമണത്തിൽ നിന്നും രക്ഷപെട്ട പാക്കിസ്ഥാൻ പെൺകുട്ടി മലാലക്ക് മാനസാന്തര സന്ദേശം അടങ്ങിയ സുവിശേഷ കത്ത് അയച്ചു. ഐക്യരാഷ്ട്രസഭയിൽ പ്രസംഗത്തിനുള്ള അഭിനന്ദനവും. സത്യം, സന്തോഷം, സമാധാനം, ജീവിതത്തിന്റെ ലക്ഷ്യം, രക്ഷ എന്നീ വിഷയങ്ങളും ഉൾപ്പെടുത്തി ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ രണ്ടു കത്തുകളാണയച്ചത്. വിവിധ തുറകളിലുള്ള മറ്റ് രണ്ടായിരത്തോളം പേർക്കും സുവിശേഷ കത്തുകൾ അയച്ചിട്ടുണ്ട്. ഗോസ്പൽ കമ്യൂണിക്കേഷൻസ് മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ പോൾ മാള ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു.


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**

ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി

Ph: 9447401039 0469-2692939

## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

യാത്രക്കിടയിൽ

# ഇനി ബാലനില്ലാത്ത കാലം

സാംകുട്ടി ചാക്കോ
നിലമ്പൂർ

> "ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ഇസ്കരിയോത്താ യൂദക്ക് പ്രമുഖമായ ഒരു റോളുണ്ടായിരുന്നു. ദൈവവചനം നിവൃത്തിയാകുവാനും യേശു പിടിക്കപ്പെടാനുമൊക്കെ യൂദാ എന്ന കഥാപാത്രം ആവശ്യമായിരുന്നു. ആ അർത്ഥത്തിൽ യൂദയും ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു. അങ്ങനെയാണെങ്കിലും അതുകൊണ്ട് യൂദക്ക് എന്തെങ്കിലുമൊരു കരുണ ദൈവത്തിൽനിന്ന് ലഭിക്കുമെന്ന് സാർ ചിന്തിക്കുന്നുണ്ടോ?"



നാല്പത്തിയേഴാം വയസ്സിൽ ഹാർട്ട് അറ്റാക്ക് വന്ന് നിര്യാതനായ ബാബു പി.വർഗീസ് എന്ന സഹോദരന്റെ 'ഹോം ഗോയിംഗ് സർവ്വീസിൽ' (ശവസംസ്ക്കാര ശുശ്രൂഷക്ക് എത്ര സുന്ദരമായ വാക്കാണ് ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്നത്) പങ്കെടുക്കവെയാണ് ടിഎസ്. ബാലൻ മരിച്ചെന്ന വാർത്ത ഒരു സ്നേഹിതൻ എന്റെ ചെവിയിൽ വന്ന് മന്ത്രിച്ചത്. ഫ്യൂണറൽ ഹോമിൽ കയറിയപ്പോൾ നിശബ്ദതയിലേക്ക് തോണ്ടിയിട്ട ഫോണെടുത്ത് ഞാൻ തുറന്നു നോക്കി. കഴിഞ്ഞ അരമണിക്കൂറിനിടയിൽ പ്ലൻസിയുടേതുൾപ്പെടെ ഒട്ടനവധി കോളുകൾ വന്നിരിക്കുന്നു. പിന്നെ വാർത്തയുടെ സ്ഥിരീകരണത്തിനായി ഫോൺ വിളികൾ.

തനിക്കിനി അധികകാലം ഇല്ലെന്ന് അദ്ദേഹം കൂടെക്കൂടെ എഴുതുമായിരുന്നെങ്കിലും ഇത്രവേഗം അത് സംഭവിക്കുമെന്ന് ശത്രുക്കൾ പോലും കരുതിയില്ല. കമ്പ്യൂട്ടർ കീബോർഡിൽ ഒറ്റ വിരൽ കൊണ്ട് ടൈപ്പ് ചെയ്തുകൂട്ടുന്ന വാർത്തകൾ കൊണ്ടും ധാർമ്മികതയുടെയും സഭ്യതയുടെയും അതിർത്തികൾ ഭേദിച്ച വാക്കുകൾ കൊണ്ടും കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകാലം മലയാളി പെന്തെക്കോസ്ത് സമൂഹത്തെ ടി.എസ്.ബാലൻ എന്ന ബാലകൃഷ്ണൻ നായർ വിറപ്പിച്ചു നിർത്തി. തിന്മക്കെതിരെ പോരാടുവാൻ തിന്മയെത്തന്നെ കൂട്ടുപിടിച്ച പോരാളിയായിരുന്നു ടി.എസ്.ബാലൻ.

ടിഎസ്ബാലൻ ബഥനി അക്കാദമിയിൽ അദ്ധ്യാപകനായിരിക്കുന്ന കാലത്താണ് ഞാനദ്ദേഹത്തെ പരിചയപ്പെടുന്നത്. അന്ന് ഹാലേലൂയ്യായും ഡിഫൻഡറും ആരംഭിച്ചിട്ടില്ല. ഞങ്ങളുടെ കൊച്ചു കൊച്ചു സാഹിത്യ കൂട്ടായ്മകളിലും ചർച്ചകളിലുമൊക്കെ വല്ലപ്പോഴും അദ്ദേഹം പ്രത്യക്ഷപ്പെട്ടു. അക്കാലത്താണദ്ദേഹം പ്രജാപതിക്കെതിരെ പ്രതികരിച്ചുതുടങ്ങിയത്. തിരുവല്ലയിൽ നടത്തിയ ഒരു സംവാദത്തിൽ പ്രജാപതി വാദക്കാരെ ഒരു പരിധി വരെ അടിച്ചിരുത്തുവാൻ ബാലന് സാധിച്ചു. പ്രജാപതി വിരുദ്ധപോരാട്ടത്തിന്റെ ഭാഗമായാണെന്ന് തോന്നുന്നു അദ്ദേഹം ഡിഫൻഡർ പ്രസിദ്ധീകരണം ആരംഭിക്കുന്നത്.

അതിനും മുമ്പ് 1995-ൽ ഞാൻ ഹാലേലൂയ്യാ പ്രസിദ്ധീകരിച്ചുതുടങ്ങി. ഹാലേലൂയ്യായുടെ എഡിറ്റോറിയൽ ബോർഡിൽ ഒരാൾ ജെ.സി. ദേവ് ആയിരുന്നു. ആദ്യലക്കങ്ങളിലൊന്നിൽ ടി.എസ്.ബാലന്റെ ഒരു ആർട്ടിക്കിൾ ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ചു. ഹാലേലൂയ്യായിൽ എഴുതുന്നവർക്ക് എന്തെങ്കിലും പ്രതിഫലം കൊടുക്കണമെന്ന് തുടക്കത്തിൽ ഞാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് 150 രൂപാ ഞാനദ്ദേഹത്തിന് പ്രതിഫലം നൽകി. പത്രത്തിൽ ലേഖനമെഴുതിയതിന് ആദ്യമായി കിട്ടിയ പ്രതിഫലമാണിതെന്ന് അന്നദ്ദേഹം എന്നോട് പറഞ്ഞത് ഞാനോർക്കുന്നു.

ഏതായാലും ബാലന്റെ ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചു വന്നതിന് പുറകാലെ ജെ.സി.ദേവ് എനിക്കൊരു കത്തയച്ചു. "ടി.എസ്.ബാലന്റെ ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചത് ശരിയായില്ല. ഇനിയും ബാലന്റെ ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചാൽ എഡിറ്റോറിയൽ ബോർഡിൽ തുടരുന്ന കാര്യം പുന:പരിശോധിക്കേണ്ടി വരും". ഇതായിരുന്നു ദേവിന്റെ നാലുവരി കത്ത്.

ആ കത്തിന് ഞാനും നാലു വരിയിൽ മറുപടി എഴുതി. "പ്രിയപ്പെട്ട ദേവ് സാർ, തുമ്മിയാൽ തെറിക്കുന്ന ഒരു മൂക്ക് ഹാലേലൂയ്യായ്ക്കൊരു ഭാരമായിരിക്കും. അതുകൊണ്ട് സാറിനോട് സന്തോഷത്തോടെ സലാം."

അങ്ങനെ ജെ.സി.ദേവ് ഹാലേലൂയ്യാ എഡിറ്റോറിയൽ ബോർഡിൽ നിന്ന് ഒഴിവായി. എങ്കിലും പിന്നീടൊരിക്കലും ടി.എസ്.ബാലന്റെ ആർട്ടിക്കിൾ ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ചിട്ടില്ല. വേദപുസ്തകപരമായ ചില സംശയദുരീകരണങ്ങൾക്ക് ആദ്യകാലങ്ങളിൽ അദ്ദേഹത്തെ വിളിക്കുന്ന പതിവുണ്ടായിരുന്നു. ഡിഫൻഡർ ആശയപരമായ പോരാട്ടത്തിൽ നിന്ന് വ്യക്തിപരമായ സ്വഭാവഹത്യകളിലേക്ക് ചുവട് മാറ്റിയതോടെ ആ ബന്ധവും ഇല്ലാതെയായി. എങ്കിലും വല്ലപ്പോഴുമൊക്കെ അദ്ദേഹം വിളിക്കുമായിരുന്നു. ഹാലേലൂയ്യായിൽ പ്രസിദ്ധീകരിക്കുന്ന ചില വാർത്തകളുടെ വിശദീകരണങ്ങൾ ചോദിച്ചോ, ആരുടെയെങ്കിലും ഫോൺ നമ്പറിന് വേണ്ടിയോ ആയിരിക്കും മിക്കപ്പോഴും വിളികൾ.

എനിക്ക് പ്രിയപ്പെട്ട പലരേയും അദ്ദേഹം കീറിമുറിച്ച് അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ അക്രമത്തിൽ മുറിവേറ്റവരുടെ കണ്ണീരും വേദനയും ഞാൻ ധാരാളം കണ്ടു. ചിലപ്പോഴൊക്കെ അദ്ദേഹത്തോട് രോഷം തോന്നി. ഒരിക്കൽപ്പോലും എന്റെ പത്രത്തിലൂടെ അദ്ദേഹത്തോട് പ്രതികരിക്കുവാൻ എനിക്ക് ധൈര്യമില്ലായിരുന്നു. കാരണം എന്നെക്കുറിച്ചോ എന്റെ കുടുംബത്തെക്കുറിച്ചോ അദ്ദേഹം എഴുതിത്തുടങ്ങിയാൽ സഹിഷ്ണതയോടെ അതിനെ നേരിടാനാവുമോ എന്ന ഭയം എനിക്കുണ്ടായിരുന്നു.

ആദ്യഘട്ടങ്ങളിൽ പലരെയും കുറിച്ച് എഴുതുമ്പോൾ ഞാനദ്ദേഹത്തെ വിളിച്ച് "സാറെ ഉപദ്രവിക്കരുത്; സാർ ചിന്തിക്കുന്നതു പോലെയല്ല കാര്യങ്ങൾ എന്നൊക്കെ പറയുവാൻ ശ്രമിച്ചിട്ടുണ്ട്." അത്തരം സംഭാഷണങ്ങൾ അദ്ദേഹത്തിന്റെ മനോഭാവത്തിൽ മാറ്റംവരുത്തില്ലെന്നറിഞ്ഞപ്പോൾ ഞാനാ ശ്രമങ്ങൾ ഉപേക്ഷിച്ചു.


പാസ്റ്റർ കെ.സി.ജോണിനെതിരെ ഡിഫൻഡർ അതിഹീനമായി എഴുതിത്തുടങ്ങിയപ്പോൾ ഗുഡ്ന്യൂസിലെ വി.എം.മാത്യു സാർ, ജോയി താനുവേലി, എൻ.എം.രാജു എന്നിവരോടൊപ്പം ഞാനും മറ്റു ചിലരും കൂടെ കെ.സി. ജോണിനെയും ബാലനെയും തമ്മിൽ ഒന്നിച്ചിരുത്തിപ്രശ്നങ്ങൾ പറഞ്ഞുതീർക്കുവാൻ ഒരു ശ്രമം നടത്തി. ഒരു രാത്രിയിൽ ഞങ്ങൾ മൂവാറ്റുപുഴയിലൊരു ഹോട്ടൽമുറിയിൽ ഒത്തുകൂടി. എൻ.എം.രാജുവാണ് ബാലനെ വിളിച്ചുവരുത്തിയത്. ഒരു പത്തുമിനിറ്റുപോലും ഒന്നിച്ചിരുന്ന് സംസാരിക്കുവാനോ കെ.സി. ജോണിനെതിരെ താൻ ഉന്നയിക്കുന്ന ആരോപണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും തെളിവോ വിശദീകരണമോ പറയാനോ ബാലൻ തയ്യാറായില്ല. ഒന്നും സംസാരിക്കുന്നതിന് മുമ്പേ വല്ലാതെ ക്ഷോഭിച്ച് അദ്ദേഹം ഇറങ്ങിപ്പോയി. സന്ധിസംഭാഷണത്തിന് ചെന്ന ഞങ്ങൾ ഇളിഭ്യരായി മടങ്ങി.

കാലം കുറേയേറെ മുന്നോട്ടുപോയി. ബാലന്റെ എഴുത്തുകൾ ഒന്നിന് പുറകേ ഒന്നായി പെന്തെക്കോസ്ത് സമൂഹത്തിലെ ഒട്ടനവധിപ്പേരെ മുറിവേൽപ്പിച്ചു. ഗോസിപ്പുകളും ഊഹാപോഹങ്ങളും ലൈംഗീക കഥകളും പണാപഹരണ ആരോപണങ്ങളുമെല്ലാം അദ്ദേഹം അച്ചുനിരത്തി അവതരിപ്പിച്ചു. ധാരാളം വായനക്കാർ അദ്ദേഹത്തിന് ലഭിച്ചു. ഒന്നാം തീയതിയും പതിനാറാം തീയതിയും വെബ്സൈറ്റ് അപ് ആകുന്നതിന് വേണ്ടി വിദേശമലയാളികൾ കാത്തിരുന്നു. നാട്ടിൽ നിന്ന് വർഷങ്ങളായി മാറി നില്ക്കുന്ന അമേരിക്കൻ മലയാളികളിൽ കുറേയേറെപ്പേർ ബാലൻ എഴുതുന്ന



തെല്ലാം 100% സത്യമെന്ന് ഉറെച്ചു വിശ്വസിച്ചു. കേരളത്തേക്കാൾ വിദേശ മലയാളികളെയാണ് ഡിഫൻഡർ സ്വാധീനിച്ചത്.

ബാലൻ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നെന്നും ദൈവത്തെ പേടിയില്ലാത്ത പെന്തെക്കോസ്തിലെ നേതാക്കളും പ്രസംഗകരും പാസ്റ്റേഴ്സുമൊക്കെ ബാലനെയെങ്കിലും ഭയപ്പെടുമല്ലോ എന്നൊക്കെ ചിന്തിക്കുന്ന ശുദ്ധാത്മാക്കൾ ധാരാളമുണ്ടാകാം. ദൈവത്തെ ഭയമില്ലാത്തവർ ആരെ ഭയപ്പെട്ടിട്ട് എന്തു കാര്യം? പെന്തെക്കോസ്ത് സമൂഹത്തിൽ ധാരാളം കള്ളനാണയങ്ങൾ ഉണ്ടെന്നത് സത്യമാണ്. പുഴുക്കുത്തുകളില്ലാത്ത സമൂഹങ്ങളില്ല. എല്ലാ പുഴുക്കുത്തും വെയ്സ്റ്റും വാരി പ്രദർശിപ്പിക്കുന്നതുകൊ




ണ്ട് സമൂഹം കൂടുതൽ നാറുമെന്നല്ലാതെ എന്തു നേട്ടം? തെറ്റിനെ തെറ്റെന്ന് പറയുവാനും ചൂണ്ടിക്കാണിക്കുവാനും ചിലരെങ്കിലുമില്ലെങ്കിൽ നമ്മുടെ സമൂഹം നശിച്ചുപോകും എന്നത് വാസ്തവമാണ്. ആ അർത്ഥത്തിൽ ബാലനും ഡിഫൻഡറും സമൂഹത്തിന് ഗുണകരമാകേണ്ടതായിരുന്നു. എന്നാൽ അദ്ദേഹത്തിന് പാളിപ്പോയത് തെറ്റ് ചൂണ്ടിക്കാണിക്കുവാൻ അദ്ദേഹം സ്വീകരിച്ച ഭാഷയും രീതിയും ചില വ്യക്തികൾ ചെയ്ത ചെറിയ തെറ്റുകളേക്കാൾ വലിയ തെറ്റായി മാറിയെന്നതാണ്. ഒരിക്കലും തനിക്ക് തെറ്റ് പറ്റിയെന്ന് ബാലൻ സമ്മതിച്ച ചരിത്രവുമില്ല. മറ്റൊരു പ്രധാനകാര്യം ഒരു വ്യക്തി തെറ്റു ചെയ്തു; ബാലൻ അത് ചൂണ്ടിക്കാട്ടി. അയാൾ ദൈവസന്നിധിയിലും ജനങ്ങളുടെ മുന്നിലും തെറ്റു തിരുത്തി. ദൈവം ക്ഷമിച്ചാലും ഒരിക്കൽപ്പോലും ബാലൻ ക്ഷമിക്കുവാൻ തയ്യാറല്ലായിരുന്നു. തനിക്ക് വേണ്ടപ്പെട്ട പലരുടെയും സമാനമായ തെറ്റുകൾ മൂടിവയ്ക്കുവാനും ബാലൻ തയ്യാറായത് ബാലന്റെ നിലപാടുകളിലെ ആത്മാർത്ഥതയെ സംശയിക്കത്തക്കതാകുന്നു.

ഞാനിത്രയും എഴുതുമ്പോൾ എന്റെ വായനക്കാർ ന്യായമായും എന്നോട് ചോദിക്കുന്ന ചില ചോദ്യങ്ങളുണ്ട്.

1) ഹാലേലൂയ്യായും സാംകുട്ടി ചാക്കോയും ശക്തമായ വിമർശനങ്ങൾ നടത്തിയിട്ടില്ലേ? (2) എന്തുകൊണ്ട് ടി.എസ്.ബാലൻ ജീവിച്ചിരിക്കുമ്പോൾ ഇക്കാര്യങ്ങൾ തുറന്നു പറഞ്ഞില്ല. (3) ബാലൻ സാംകുട്ടിയെ ഒരിക്കൽപ്പോലും അക്രമിച്ചിട്ടില്ലല്ലോ. അതിന് കാരണമെന്ത്?

ഈ ചോദ്യങ്ങൾക്കുള്ള മറുപടികൾ:

(1) ശരിയാണ് ഞാൻ ഹാലേലൂയ്യായിലൂടെ ശക്തമായ വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ എന്റെ വിമർശനങ്ങൾ ഒരിക്കലും ഒരു വ്യക്തിയുടെയും സ്വകാര്യ ജീവിതത്തെയോ കുടുംബത്തെയോ അവഹേളിക്കുന്ന തരത്തിലോ നികൃഷ്ട ഭാഷയിലോ ആയിരുന്നില്ല. സഭയുമായി ബന്ധപ്പെട്ടോ ഉപദേശവുമായി ബന്ധപ്പെട്ടോ ഒക്കെ ഞാനുയർത്തിയ വിമർശനങ്ങൾ ഒരിക്കലും വ്യക്തിപരമല്ല. ഞാൻ വിമർശിച്ച ഏതു വ്യക്തിക്കും കൈകൊടുത്ത് സൗഹൃദം പങ്കിടത്തക്ക ബന്ധം എല്ലാക്കാലത്തും ഞാൻ സൂക്ഷിച്ചിട്ടുണ്ട്. ആശയപരമായ വിമർശനങ്ങൾ ഇനിയും നടത്തണമെന്നു തന്നെയാണ് എന്റെ ആഗ്രഹം. വ്യക്തികൾ തെറ്റ് ചെയ്തെന്ന് ബോധ്യമായാൽ ആ തെറ്റ് പൊതുസമൂഹവുമായി ബന്ധപ്പെട്ടതോ സമൂഹം അറിയേണ്ടതോ ആണെങ്കിൽ സഭ്യമായ ഭാഷയിൽ അത് പരസ്യപ്പെടുത്തുന്നത് ഒരു പത്രപ്രവർത്തകന്റെ ബാധ്യതയാണെന്ന് തന്നെ ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

2) നേരത്തെ എഴുതിയതുപോലെ ഒരു സാമൂഹ്യജീവിയായ ഞാൻ സത്യത്തിൽ ബാലനെ ഭയന്നിരുന്നു എന്നത് വാസ്തവമാണ്. അതിനാൽത്തന്നെ അദ്ദേഹത്തിന്റെ നിലപാടുകളെ പത്രത്തിലൂടെ എതിരിടാതിരിക്കുവാൻ പരമാവധി ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്നാലും ബാലൻ അക്രമിച്ച നിരവധിപ്പേർക്ക് ഹാലേലൂയ്യായിൽ അവസരം നൽകിയത് വായനക്കാർ ഓർക്കുന്നുണ്ടാകും. പാസ്റ്റർ കെ.സി.ജോണിന്റെ വിശദമായ അഭിമുഖം ബാലന്റെ മിക്ക ആരോപണങ്ങൾക്കുമുള്ള മറുപടിയായി ഹാലേലൂയ്യായിൽ പ്രസിദ്ധപ്പെടുത്തി. അന്നുവരെ ഹാലേലൂയ്യാ പത്രത്തിന്റെ ലിങ്ക് ഡിഫൻഡർ വെബ്സൈറ്റിലുണ്ടായിരുന്നു. ആ അഭിമുഖം വന്ന ലക്കം മുതൽ ആ ലിങ്ക് ബാലൻ എടുത്തുകളഞ്ഞു. കെ.എ.ഏബ്രഹാം, എം.എ.വർഗീസ്, കെ.പി.യോഹന്നാൻ, സജിത് കണ്ണൂർ, നോബിൾ പി.തോമസ്, സുരേഷ് ബാബു, തങ്കു ബ്രദർ, പാസ്റ്റർ സി.വി. ജോൺ തുടങ്ങി ബാലനാൽ അക്രമിക്കപ്പെട്ട നിരവധിപ്പേരെ ഹാലേലൂയ്യായിൽ വാർത്തകൾ നൽകിയും അഭിമുഖം നൽകിയും പരസ്യം നൽകിയും ചെറിയ നിലയിൽ സഹായിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

എന്റെ സ്നേഹിതൻ അച്ചൻകുഞ്ഞ് ഇലന്തൂരിനെതിരെ എഴുതിത്തുടങ്ങിയ കാലത്താണ് ടി.എസ്. ബാലന്റെ മൂത്തപുത്രൻ അബുദാബിയിൽ വച്ച് മരണമടഞ്ഞത്. ആ വാർത്ത അറിഞ്ഞപ്പോൾ അച്ചൻകുഞ്ഞും ഞാനും എന്റെ ഭാര്യ പ്ലൻസിയും കൂടി അദ്ദേഹത്തെ കാണുവാൻ പെരുമ്പാവൂരിലെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. മകന്റെ മരണവാർത്ത അറിഞ്ഞ് ആറോ ഏഴോ മണിക്കൂറിന് ശേഷമാണ് ഞങ്ങൾ അവിടെ എത്തുന്നത്. ഞങ്ങൾ ഏകദേശം രണ്ടര മണിക്കൂർ അദ്ദേഹത്തോട് സംസാരിച്ചിരുന്നു.

മകന്റെ മരണം ദൈവശിക്ഷ അല്ലെന്നും അവൻ ശരീരം ശ്രദ്ധിക്കാതെ ഭക്ഷണം കഴിച്ചതാണ് മരണകാരണമെന്നും അദ്ദേഹം ഞങ്ങളോട് പറഞ്ഞു. മകന്റെ മരണം തന്റെ എഴുത്തുകൾക്കുള്ള ദൈവശിക്ഷയാണെന്ന് മറ്റുള്ളവർ പറയുമെന്നും, മകന്റെ മരണം കൊണ്ട് ബാലൻ എഴുത്തു നിർത്തുമെന്ന് ഏതെങ്കിലും വിഡ്ഢികൾ കരുതുന്നെങ്കിൽ അവന്മാർ മൂഢസ്വർഗ്ഗത്തിലാണെന്നും അദ്ദേഹം പറഞ്ഞു. സത്യത്തിൽ അദ്ദേഹത്തിന്റെ നിർത്താതെയുള്ള സംഭാഷണത്തിൽ നിന്ന് എനിക്ക് ബോധ്യമായത് അദ്ദേഹം മകന്റെ മരണത്തിൽ നിന്നുള്ള ഷോക്കിൽ നിന്ന് മുക്തനാകുവാനുള്ള ശ്രമത്തിലായിരുന്നു. അത് ദൈവശിക്ഷയല്ലെന്ന് തന്നെത്തന്നെ ബോധ്യപ്പെടുത്തുവാനുള്ള ഒരു ശ്രമം.

ഏതായാലും ഞങ്ങൾ സുദീർഘമായി സംസാരിച്ചു. ഒടുവിൽ അച്ചൻകുഞ്ഞ് ചോദിച്ചു, "സാർ എനിക്കെതിരെ തുടർച്ചയായി എഴുതുകയാണല്ലോ. നിഖ്യാവിശ്വാസപ്രമാണത്തിൽ വിശ്വസിച്ചാൽ രക്ഷിക്കപ്പെടുമെന്ന് ഞാൻ പറഞ്ഞെന്ന് സാർ എഴുതിയല്ലോ. ഞാനെവിടെയാണ് അങ്ങനെ പറഞ്ഞത്? യേശുവിലുള്ള വിശ്വാസത്താലല്ലാതെ ഏതെങ്കിലും ഐഡിയോളജിയിലുള്ള വിശ്വാസം കൊണ്ട് രക്ഷയില്ലെന്ന് എനിക്കറിയാമെന്നും ഞാനതിന് വിരുദ്ധമായി പറയില്ലെന്നും സാറിനറിയാമല്ലോ. പിന്നെന്തിനാ സാറിങ്ങനെ എഴുതുന്നത്?"

"എടോ അതൊക്കെ എനിക്കറിയാം. വായനക്കാരായ ഒട്ടുമിക്ക വിഢ്ഢികൾക്ക് നിഖ്യാവിശ്വാസ പ്രമാണം എന്താണെന്നൊന്നും അറിയില്ലല്ലോ. അവർക്കൊരു കുഴച്ചിലുണ്ടാക്കുക എന്നതേയുള്ളു എന്റെ ലക്ഷ്യം."

അച്ചൻകുഞ്ഞ് വീണ്ടും നിരവധി കാര്യങ്ങൾ ചോദിച്ചു. എല്ലാത്തിനും ചിരിച്ചുകൊണ്ട് ഇത്തരം മറുപടികൾ നൽകിയതല്ലാതെ അദ്ദേഹം ക്ഷോഭിക്കുകയോ തന്റെ നിലപാടുകൾ ശരിയെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയോ ചെയ്തില്ല.

അച്ചൻകുഞ്ഞ് ബാലനെ നേരിട്ട് "നാശയോഗ്യൻ" എന്നാണ് വിളിച്ചിരുന്നത്. ഇറങ്ങുന്നതിന് മുമ്പ് ഞാനദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു "സാറെ പെന്തെക്കോസ്തിലെ കള്ളന്മാരെ വെളിയിൽ കൊണ്ടുവരുവാൻ ദൈവം സാറിനെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്ന ബോദ്ധ്യമാണ് സാറിനുള്ളതെന്ന് സംസാരത്തിൽ നിന്ന് മനസിലായി. സാർ ചെയ്യുന്നത് ദൈവം ഏല്പിച്ച ദൗത്യമാണെന്നാണ് സാർ ചിന്തിക്കുന്നത്. ഒരു പക്ഷേ അത് ശരിയായിരിക്കാം. എന്നാൽ എനിക്ക് സാറിനോട് ഒരു ചെറിയ ചോദ്യം ചോദിക്കാനുണ്ട്."

"ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ യൂദക്ക് പ്രമുഖമായ ഒരു റോളുണ്ടായിരുന്നു. ദൈവവചനം നിവൃത്തിയാകുവാനും യേശു പിടിക്കപ്പെടാനുമൊക്കെ യൂദാ എന്ന കഥാപാത്രം ആവശ്യമായിരുന്നു. ആ അർത്ഥത്തിൽ യൂദയും ദൈവിക പ

(ശേഷം 5-ാം പേജിൽ)



# ദൈവനിയോഗമായ മൂല്യങ്ങളും ഹവ്വയ്ക്ക് സംഭവിച്ചതും

ഡോ.ജെസ്സി ജയ്സൺ

21-ാം നൂറ്റാണ്ടിൽ നാം കാണുന്ന മാറ്റങ്ങൾ നമ്മളെത്തന്നെ അമ്പരപ്പെടുത്തുകയാണ്. ചിന്താഗതികൾ സ്വതന്ത്രമാകുന്നു. വ്യക്തിസ്വാതന്ത്ര്യം മാത്രം ലക്ഷ്യമാകുന്നു. സ്വയമായി രൂപപ്പെടുത്തുന്ന വീക്ഷണങ്ങൾ അവനവന്റെ സത്യമാകുന്നു. കുടുംബം എന്ന ആശയം തന്നെ തകിടം മറിയുന്നു. അറിയാതെ തന്നെ ഈ കാലത്തിന്റെ സ്വാധീനം ഓരോരുത്തരുടെയും ചിന്താഗതികളെ നിറം മാറ്റിത്തുടങ്ങിയിരിക്കുന്നു. എന്നെ ആരും ഉപദേശിക്കുന്നതെനിക്കിഷ്ടമല്ല, എനിക്കറിയാം ജീവിക്കാൻ, ഞാനദ്ധ്വാനിക്കുന്ന പണം എന്റെ ഇഷ്ടത്തിന് ചിലവഴിക്കുവാനുള്ളതാണ്. വിവാഹം കഴിക്കണമെന്നെന്താ ഇത്ര നിർബ്ബന്ധം, ആർക്കും കീഴ്പ്പെട്ടിരിക്കുവാൻ എന്നെ കിട്ടുകയില്ല എന്നൊക്കെയുള്ള വാക്കുകൾ നാലു ചുറ്റുനിന്നും കേൾക്കുകയാണ്. ഒന്നോർക്കാം. കുടുംബം ദൈവത്തിന്റെ രൂപകല്പനയാണ്. സാമൂഹികമായ മാറ്റങ്ങളുടെ തിരത്തള്ളലിലും മുറുകെപ്പിടിക്കേണ്ടുന്ന ചില മൂല്യങ്ങൾ നമുക്കുണ്ട്. ഒരു സ്ത്രീയുടെ, ഭാര്യയുടെ, അമ്മയുടെ ജീവിതം ദൈവം ഏറെ ശ്രദ്ധിക്കുന്നു. അവിടെ നമുക്ക് നഷ്ടങ്ങളുണ്ടായിക്കൂടാ. കുടുംബത്തിന്റെ ഒരു വശം ധാരാളം ചോദ്യങ്ങൾ ഉയർത്തുമ്പോൾ ഇവിടെയൊരു ചെറിയ വിചിന്തനം മാത്രം. അതും ''ജീവനുള്ളവർക്കെല്ലാം മാതാവ്'' എന്നു വിളിക്കപ്പെട്ട ഹവ്വയുടെ ജീവിതവഴികളിലൂടെയാകാം. മനോഹരമായിരുന്ന ആ ജീവിതം എങ്ങനെ നഷ്ടങ്ങളുടെ മാത്രം ചരിത്രമായി? നമ്മുടെ ജീവിതം എങ്ങനെ വിലയിരുത്തുവാൻ കഴിയും?

**(1) കിട്ടാത്തതിനാലുള്ള നെട്ടോട്ടം**

ദൈവം ഏറ്റവും ഉത്തമമായത് എനിക്ക് നൽകിയിരിക്കുന്നു എന്ന് ചിന്തിക്കുന്ന നന്ദിയുള്ള മനസ് എത്രയോ അനുഗ്രഹീതമാണ്. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലമൊഴികെ എല്ലാം കിട്ടിയിട്ടും ഹവ്വാ കിട്ടാത്തതിനെ തേടിപ്പോയി. നമുക്കൊക്കെ ഉന്നതമായ ആഗ്രഹങ്ങളും, ലക്ഷ്യങ്ങളുമുണ്ടാകും. എന്നാൽ ദൈവിക പ്രമാണത്തിനും, പദ്ധതിക്കും പുറത്തുള്ള ഒരാഗ്രഹവും നാം പിന്തുടർന്നു കൂടാ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ നേട്ടങ്ങൾക്കൊക്കെ ദൈവം വച്ചിട്ടുള്ള ചില അതിരുകളുണ്ടെന്നും, അത് എപ്പോഴും നമ്മുടെ നന്മക്കായുള്ളതെന്നുമുള്ള തിരിച്ചറിവ് പ്രധാനമാണ്. ഹവ്വയെ നയിച്ചത് അതൃപ്തിയും, സ്വയപരിതാപവുമൊക്കെയാവാം. ദൈവിക വ്യവസ്ഥയാകട്ടെ, നന്ദിയുള്ളവരായിരിക്ക എന്നതും. അപ്പൊസ്തലൻ ആവർത്തിച്ചു പറയുന്നു "എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്‌വിൻ," "നന്ദിയുള്ളവരായും ഇരിപ്പിൻ." ഇങ്ങനെയൊക്കെയാണെങ്കിലും ദൈവമക്കൾ എന്നഭിമാനിക്കുന്ന നമ്മിൽ പലർക്കും പരാതികൾ മാത്രമല്ലേയുള്ളു. "ഈ വീട്ടിൽ വിവാഹം കഴിച്ചു വരേണ്ടായിരുന്നു." "ഈ സഭയിൽ അംഗത്വം വേണ്ടായിരുന്നു," "ഇതിനേക്കാൾ വലിയ കാറു വേണമായിരുന്നു" ഇങ്ങനെ പോകുന്നു ആ നീണ്ട പട്ടിക. ദൈവം തന്ന നന്മകൾക്ക് നന്ദി പറയുമ്പോൾ മാത്രമേ അതിനുള്ളിലെ സന്തോഷം നമുക്കാസ്വദിക്കാനാവൂ. ഹവ്വയെ സംബന്ധിച്ചിടത്തോളം തകർച്ചയുടെ ആദ്യപടിയായിരുന്നു ആ നീക്കം.

**അതിരു കടന്ന ആത്മവിശ്വാസം**

നമ്മുടെ കഴിവുകളിലുള്ള വിശ്വാസം ജീവിതവിജയത്തിന്റെ ഒരു മുഖ്യ ഘടകമാണ്. എന്നാൽ, അമിതമായാൽ ഇത്രയും അപകടകരമായ മറ്റൊന്നുമുണ്ടായില്ല. ഹവ്വക്ക് ഒരു കാര്യം ഉറപ്പായിരുന്നു-ദൈവത്തിനും ആദാമിനും അവൾ ഏറെ വിലപ്പെട്ടവളാണെന്ന്. "തക്ക തുണ" (ezer cenegdo) എന്ന പദവിയുടെ ലക്ഷ്യം. അനുയോജ്യമായ സഹായി അഥവാ suitable/congruent helper എന്നതായിരുന്നു. ഒന്നോർത്താൽ, ദൈവം സൃഷ്ടിച്ച മനുഷ്യന്റെ അധരം ആദ്യമായി മൊഴിഞ്ഞു എന്ന് വചനം രേഖപ്പെടുത്തിയിട്ടുള്ളതുപോലും ആ തുണയെക്കുറിച്ചുള്ള പ്രശംസ ആയിരുന്നില്ലേ? കാരണം, ആ നിധിയെ കണ്ടെത്തുക മനുഷ്യന് അസാധ്യമായിരുന്നു. സദൃശ്യവാക്യങ്ങളിൽ ചോദിക്കുന്നു, "സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും." സാമർത്ഥ്യമുള്ളവൾ (virtuous) എന്നത് മറ്റുള്ളവരെ വെല്ലുന്ന മിടുക്കോ ഒന്നുമല്ല; പിന്നെയോ, സ്വഭാവത്തിന്റെ ആഴവും, ഉറപ്പുമാണ് എന്ന് നമുക്കോർക്കാം. ഹവ്വാ ഒരുപക്ഷേ ചിന്തിച്ചു കാണും "തനിയെ കാര്യങ്ങൾ നടത്തിയാൽ എന്തു വരാനാണ്?" "എന്നെ സൂക്ഷിക്കുവാൻ എനിക്കറിയാം. എന്റെ തീരുമാനമൊന്നും തെറ്റില്ല" എന്നൊക്കെ. ഒന്നുറപ്പാണ് ഈ വഴി ദൈവികമല്ല. നമ്മെ നിയമിച്ചാക്കിയ അവസ്ഥയിൽ പൂർണ്ണതയിലേക്ക് വളരുക എന്നത് മാത്രമാകട്ടെ നമ്മുടെ ആശ.

**3) കുടുംബമെന്ന സംരക്ഷണവലയത്തോടുള്ള അവഗണന**

ദൈവം തന്ന ബന്ധങ്ങൾ - മാതാപിതാക്കൾ, ജീവിത പങ്കാളി, മക്കൾ- നമ്മുടെ ചില പ്രധാന സംരക്ഷണങ്ങളാണ്; ബഹുവിധ വിനകളിൽ നിന്നുള്ള പരിരക്ഷ. എത്ര ഭാരമുള്ളതായാലും, ദൈവം ഏല്പിച്ച നന്മയെന്ന് അതിനെ കാണുവാൻ നമുക്ക് കഴിയട്ടെ. എന്നാൽ, ഏറ്റം വലിയ കവചം, ദൈവവുമായി നമുക്കുള്ള നിരന്തര കൂട്ടായ്മ തന്നെയാണ്. ഇതെല്ലാം മനഃപൂർവ്വമായി കാത്തു വളർത്തിയേ പറ്റൂ. ഈ ദ്വിവിധ ബന്ധങ്ങളും ഹവ്വയ്ക്ക് ലഭിച്ചത് അതിമനോഹരമായിട്ടായിരുന്നു. പക്ഷേ, അവൾക്ക് പരിപാലിക്കുവാനായില്ല. പ്രലോഭനം വാതിൽക്കൽ വന്നപ്പോൾ ദൈവത്തോടോ ആദാമിനോടോ അവൾ ആലോചനക്ക് മുതിർന്നില്ല. നമ്മളും ഇങ്ങനെ ആകാറുണ്ടോ? എടുത്തുചാടി തീരുമാനമെടുക്കരുതേ. ദൈവസന്നിധിയിൽ വിലയേറിയത് "സൗമ്യതയും സാവധാനതയുള്ള മനസ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ" ആണ്. ദൈവത്തിൽ പ്രത്യാശയുള്ള വിശുദ്ധ സ്ത്രീകൾ തങ്ങളേത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുന്നത് ഈ മനസ്സുകൊണ്ടായിരുന്നു (1 പത്രോ.3:4-5). ലോകം പറയും കീഴടങ്ങിയാൽ നിന്റെ ഭാവി ഇല്ലാതെയാകുമെന്ന്. ദൈവത്തിനാകട്ടെ, അത് നമ്മെ തകർക്കുവാനല്ല, നിലനിർത്തുവാനുള്ള പദ്ധതിയാണ്.

> **നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലമൊഴികെ എല്ലാം കിട്ടിയിട്ടും ഹവ്വാ കിട്ടാത്തതിനെ തേടിപ്പോയി. നമുക്കൊക്കെ ഉന്നതമായ ആഗ്രഹങ്ങളും, ലക്ഷ്യങ്ങളുമുണ്ടാകും. എന്നാൽ ദൈവിക പ്രമാണത്തിനും, പദ്ധതിക്കും പുറത്തുള്ള ഒരാഗ്രഹവും നാം പിന്തുടർന്നു കൂടാ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ നേട്ടങ്ങൾക്കൊക്കെ ദൈവം വച്ചിട്ടുള്ള ചില അതിരുകളുണ്ടെന്നും, അത് എപ്പോഴും നമ്മുടെ നന്മക്കായുള്ളതെന്നുമുള്ള തിരിച്ചറിവ് പ്രധാനമാണ്.**

**4) പ്രതികരണത്തിലെ വിവേചനമില്ലായ്മ**

നമുക്ക് ചുറ്റുമുള്ള ലോകം നൂറു നൂറു ശബ്ദങ്ങൾ കേൾപ്പിക്കും. പ്രതികരിക്കുവാൻ തിടുക്കം കൂട്ടരുതേ. പ്രാർത്ഥനാ മുറിയിലും, കുടുംബത്തിന്റെ ആലോചനയിലും നമ്മോട് സംസാരിക്കുന്നത് ദൈവശബ്ദമാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന സ്ത്രീക്ക് ഒരു കാര്യം അറിയാം. പ്രതികരിക്കേണ്ടതും ഓടിയകലേണ്ടതും എന്താണെന്ന്. പ്രലോഭനങ്ങൾ വരുമ്പോൾ ദൈവം നൽകുന്നതിനേക്കാൾ വലിയ ഓഫറെങ്കിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴി നാം കാണേണ്ടതല്ലേ? ഹവ്വയ്ക്ക് ആ തിരിച്ചറിവ് ഇല്ലാതെ പോയി. വാസ്തവത്തിൽ ആ തിരിച്ചറിവ് ആഴമായ കൂട്ടായ്മാ ബന്ധത്തിൽ നിന്നാണല്ലോ ഉണ്ടാകേണ്ടത്. സത്യത്തെ ഏറെ ആകർഷകമായ കള്ളത്തിന്റെ പൊൻതൂവൽ പൊതിഞ്ഞ് മറയ്ക്കുകയാണ് പിശാചിന്റെ തന്ത്രം. അവൻ മന്ത്രിക്കും, "ഓ ഇതൊന്നും പാപമല്ലെന്നേ. അങ്ങനെയെങ്കിൽ ആരു പോകും സ്വർഗ്ഗത്തിൽ." വിശ്വസിക്കരുത്. ഭോഷ്ക്കിന്റെ അപ്പനായവൻ ഒരിക്കലും പൂർണ്ണചിത്രം കാണിച്ചു തരില്ല. നമുക്ക് വേണ്ടത് വിവേചനമാണ്. മനസ്സിന് താല്ക്കാലിക സുഖം വാഗ്ദാനം ചെയ്യുന്നതിൽ കാലുകളിടറരുത്. പിന്നെയോ, സത്യമായത്, ഘനമായത്, നീതിയും, നിർമ്മലവും, രമ്യവും, സല്

(ശേഷം 5-ാം പേജിൽ)




ADMISSION OPEN
APPLY NOW

Helping You Reach Your DREAM CAREER

MBBS | BDS
Pharm.D
M.Sc NURSING
P.C.B.Sc NURSING
(Regular & Correspondance)

Few Seats Available

| | |
|---|---|
| B.E/B.TECH | Mechanical \| Automobile \| Civil \| Marine Aeronautical \| Computer Science \| Electronics |
| Medical & Paramedical | Nursing \| Pharmacy \| Perfusion Technology Renal Dialysis \| O.T Technology \| BPT\|BOT... |
| AVIATION | BBA in Aviation \| MBA in Aviation |
| MANAGEMENT | BBA \| BBM \| BHM \| BTA \| BSW \| MBA \| MCA \| MTA \|MSW .... |
| OTHER COURSES | Fashion Designing \| Interior Designing \| Visual Communication \| journalism \| ACCA Cosmetology \| Gems & Jewellery ... |

Call Us @ 9847143030 / 9447413000

DISHAA FOUNDATION
2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030

www.dishaafoundation.com



B.SC NURSING, GNM, POST B.SC.NURSING

മെഡിക്കൽ കോളജിനോടനുബന്ധിച്ച് ഏറ്റവും കുറഞ്ഞ ഫീസ്,
പൂർണ്ണ സുരക്ഷിതത്വം, റാഗിംഗ് അല്പം പോലുമില്ല.
പെൺകുട്ടികൾ മാത്രം.

സാമ്പത്തിക പ്രയാസം മൂലം നഴ്സിംഗ് പഠനം ആഗ്രഹിച്ചിട്ടും സാധിക്കാത്തവരുടെ പ്രത്യേക ശ്രദ്ധക്ക്:

4 year total package 2,50,000 (including four years fees, Hostel, Uniform, Text-books, Lab fees, library fees, community charges, psychiatry postings, University registration, university eligibility) 2,50,000 രൂപ വാടകവീട്ടിൽ താമസിക്കുന്നവർക്ക് പോലും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതാണ്. അതിനാൽ എത്ര സാമ്പത്തിക പ്രയാസമുള്ളവർക്കും B.Sc Nursing പഠിക്കുവാൻ ഇത് തക്കസമയം. കേരളത്തിൽ അലോട്ട്മെന്റ് കാത്തുനില്ക്കുന്നവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

ICPF-ൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പാസ്റ്റർ സാം ഫിലിപ്പ് (എം.ഡിവ്), ഭാര്യ ബീനാ സാം കുടുംബമായി കോളജിനടുത്ത് താമസിച്ച് ക്യാമ്പസിനുള്ളിൽ ആരാധനയും പ്രാർത്ഥനയും നടത്തുന്നു. രക്ഷകർത്താക്കൾ കോളജിൽ വരുമ്പോൾ പാസ്റ്റർ സാം ഫിലിപ്പിന്റെ ഭവനത്തിൽ താമസിക്കുന്നതിനും അവസരമുണ്ട്. യുവജനങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന പ്രശസ്തരായ ദൈവദാസന്മാർ ഇടയ്ക്കിടെ ക്യാമ്പസ് സന്ദർശിച്ചും പ്രത്യേക മീറ്റിംഗുകൾ നടത്തുകയും ചെയ്യുന്നു. വിശ്വാസികളും, വിദ്യാർത്ഥികളെ സ്വന്തം മക്കളെപ്പോലെ കരുതി സ്നേഹിക്കുന്ന 3 മലയാളി വനിതാ വാർഡന്മാരും ഇവിടുണ്ട്. മാസത്തിൽ ഒരു പ്രാവശ്യമേ ക്യാമ്പസ് വിട്ടു പുറത്തു പോകുവാൻ വിദ്യാർത്ഥികൾക്ക് അനുവാദമുള്ളു. അവധിക്ക് വരികയും തിരികെ പോകുകയും ചെയ്യുമ്പോഴും എല്ലാ വിദ്യാർത്ഥികളും ഒരുമിച്ച് വാർഡന്മാരോടൊപ്പം വരികയും പോകുകയും ചെയ്യുന്നതിനാൽ യാത്ര പൂർണ്ണ സുരക്ഷിതമാണ്.

അഡ്മിഷൻ താത്പര്യപ്പെടുന്ന വിദ്യാർത്ഥികൾ രക്ഷാകർത്താക്കളോടൊപ്പം കൊച്ചുവേളി, ഹൂബ്ലി ട്രെയിനിൽ ബിരൂർ സ്റ്റേഷനിൽ ഇറങ്ങി ഒരു മണിക്കൂർ യാത്ര ചെയ്താൽ സൗത്ത് ഇന്ത്യയിലെ മികച്ച മെഡിക്കൽ കോളജുകളിലൊന്നായ സുബ്ബയ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നഴ്സിംഗ് കോളജ് ക്യാമ്പസിൽ എത്താവുന്നതാണ്. സാമ്പത്തിക പ്രയാസമുള്ളവർ ഇപ്പോൾ 100 രൂപ മാത്രം അടയ്ക്കുക. നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതു വരെ ഫീസ് അടയ്ക്കുവാൻ സാവകാശം നല്കുന്നതാണ്.

12 വർഷമായി മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഈ നേഴ്സിംഗ് കോളജിൽ ചേർന്ന് പഠിക്കുന്നത് എന്തുകൊണ്ടും അഭികാമ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക്:
Kerala Admission Helpline - 04828324598
Warden: 09241582276, 08281226351

# പ്രതീക്ഷയേക്കാൾ വലിയ പ്രത്യാശയിലേക്ക്



ഇവ.അനീഷ് തോമസ്,
വെച്ചൂച്ചിറ

കാഠിന്യമേറിയ ജീവിത പന്ഥാവിലൂടെ ഉത്തരവാദിത്വങ്ങളില്ലാതെ ലക്ഷ്യബോധമില്ലാതെ ചിലർ നടന്നു നീങ്ങുന്നു. കല്ലും മുള്ളും നിറഞ്ഞ ദുർഘട പാതയിൽ തട്ടിത്തടഞ്ഞു വീഴുമ്പോൾ അവിടം കൊണ്ട് അപ്രത്യമാകുന്നവർ. ചിലരെങ്കിലും പൂർവ്വാധികം ശക്തിയോടെ അവിടെ നിന്നും എഴുന്നേല്ക്കാറുണ്ട്.

ഹൃദയത്തിന്റെ കോണിലെവിടെയോ വിരിയുന്ന ചില സ്വപ്നങ്ങളും പ്രതീക്ഷകളും ജീവിതത്തിൽ ക്രീയാത്മകമാകുമ്പോൾ അവർ യാത്ര തുടരുവാൻ സജ്ജരാകുന്നു. എവിടെയോ വായിച്ച ഒരു ഉദ്ധരണി ഇപ്രകാരമാണ് "ഉണർന്നിരിക്കുമ്പോൾ സ്വപ്നം കാണുന്നവർ അപകടകാരികൾ" കാരണം അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങളാകും!! ചിറക് മുളയ്ക്കുന്ന ഭാവനകളും മനസ്സിന്റെ അതിർവരമ്പുകൾ ലംഘിക്കുന്ന ആഗ്രഹങ്ങളും പലപ്പോഴും സ്വപ്നങ്ങളായി രൂപാന്തരപ്പെടാറുണ്ട്. എന്തായാലും സ്വപ്നങ്ങൾ ഒരിക്കലും യാഥാർത്ഥ്യങ്ങളല്ല. കാരണം ഉറക്കത്തിലേക്ക് വഴുതിവീണപ്പോൾ സന്തോഷമേകിയ സ്വപ്നങ്ങൾ പലതും ഉണരുമ്പോൾ വേദനാജനകങ്ങളായി ഭവിക്കാറുണ്ട്. ജീവിതത്തിൽ സ്വപ്നം കാണാത്ത മനുഷ്യരുണ്ടാവില്ല. കാണുന്ന സ്വപ്നങ്ങളൊന്നും നടന്നു എന്നും വരില്ല. എന്നാൽ പ്രതീക്ഷകൾ കൊണ്ട് സ്വപ്നം വരച്ച് പ്രത്യാശയുടെ പാതയിൽ യാത്ര ചെയ്യുന്നവരാരും ചരിത്രത്തിന്റെ ശവകുടീരങ്ങളിൽ ഉറങ്ങുന്നില്ല. അനശ്വരതയുടെ പാതയിൽ യഥേഷ്ടം സഞ്ചരിക്കുകയാണവർ.

മറ്റൊരു വിധത്തിൽ വിശുദ്ധ ബൈബിൾ പോലും സ്വപ്നങ്ങളുടെ ചരിത്രമല്ലേ? ലക്ഷ്യബോധമില്ലാതെ, ദൈവത്തെ അറിയാതെ ജീവിച്ച ഒരു എബ്രായ ജിപ്സി കുടുംബത്തിൽ നിന്നാരംഭിക്കുന്നു ആ ചരിത്രം. സ്വർഗ്ഗത്തോളമെത്തുന്ന കോവണി കണ്ട യാക്കോബും (ഉൽപ്പത്തി 28:11-15) സൂര്യനും ചന്ദ്രനും 12 നക്ഷത്രങ്ങളും തന്നെ നമസ്ക്കരിക്കുന്നതുകണ്ട യോസേഫും (ഉല്പത്തി 37:9) ഉൾപ്പെടുന്നു ആ കുടുംബത്തിൽ. ആ കുടുംബം വളർന്നു വലുതായപ്പോൾ സ്വപ്നങ്ങൾ വെളിപ്പാടുകളായി. ദർശകന്മാരും പ്രവാചകന്മാരും എഴുന്നേറ്റു. രാജാവിന്റെ ഉള്ളറയിലെ സ്വപ്നം പോലും വെളിപ്പെടുത്തുന്ന ദാനിയേൽ (ദാനിയേൽ 4) സ്വർഗ്ഗീയ ദർശനങ്ങളുടെ കാഴ്ചക്കാർ യെഹസ്ക്കേൽ, സെഖര്യാവ് "ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല. അത് വൈകിയാലും അതിനായി കാത്തിരിക്ക. അതു വരും നിശ്ചയം താമസിക്കയുമില്ല." എന്ന് പ്രബോധിപ്പിച്ച ഹബക്കുക്ക് (2:3) ഇങ്ങനെ പോകുന്നു ആ നിര. എന്നാൽ വേദപുസ്തകത്തിന്റെ അവസാനമാകുമ്പോഴേക്കും ക്രിസ്തു ശിഷ്യൻ യോഹന്നാന്റെ വെളിപ്പാടുകൾക്കായി മാത്രം ഒരു ഭാഷ (അപ്പോക്കാലുപ്ടിക് ലിറ്ററേച്ചർ) ആ ഭാഷയിൽ ഒരു ഗ്രന്ഥം: വെളിപ്പാട് പുസ്തകം എന്നാൽ ഇവയെല്ലാം വിരൽ ചൂണ്ടുന്നത് 'നിത്യജീവൻ' എന്ന മഹത്വത്തിലേക്കാണ്. അതേക്കുറിച്ചുള്ള അപ്പൊസ്തലനായ പൗലോസിന്റെ ഭാഷാന്തരങ്ങൾ ഇങ്ങനെ "സകല കാലത്തിനും മുമ്പേ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ." "ഭാഗ്യകരമായ പ്രത്യാശ" (തീത്തോസ് 1:2, 2:12). നിത്യജീവൻ ലഭിക്കുവാൻ നാം അവലംബിക്കേണ്ടത് പ്രത്യാശയുടെ സഞ്ചാരപഥമാണ്.

സ്വപ്നങ്ങൾ നമുക്ക് നൽകുന്ന പ്രതീക്ഷകൾ പ്രത്യാശയായി വളരണം. പ്രതീക്ഷകൾ ക്രിയാത്മകമോ, നിഷേധാത്മകമോ ആകാം. അതായത് സംഭവിക്കാം, സംഭവിക്കാതിരിക്കാം. പല പ്രതീക്ഷകളും ചില അവസരങ്ങളിൽ നിരാശയായിത്തീരുന്നു. എന്നാൽ ഞാൻ ചിന്തിക്കുന്നു പ്രത്യാശ ഒരു വസ്തുത എന്നതിനപ്പുറം ഒരു വ്യക്തിയാണ്. "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു." (കൊലൊ.1:27). നിരാശയും പരാജയവും ഇല്ലാത്ത തികഞ്ഞ പ്രത്യാശ യേശുക്രിസ്തുവിലൂടെ നമ്മിൽ പകരപ്പെടുന്നു. എന്നാൽ ക്രിസ്തു ഇല്ലാത്തവരെ ദൈവവചനം സംബോധന ചെയ്യുന്നത് "പ്രത്യാശയില്ലാത്തവർ" എന്നാണ് (എഫെ.2:12).

പൗലോ കെയ്‌ലോയുടെ ആൽക്കെമിസ്റ്റ് എന്ന നോവലിലെ സാന്റിയാഗോ എന്ന ആട്ടിടയനെ ഞാനോർക്കുന്നു. താൻ കണ്ട സ്വപ്നത്തിലെ നിധി തേടിപുറപ്പെടുന്ന സാന്റിയാഗോ ദുഷ്ക്കരമായ ആ യാത്രക്കൊടുവിൽ ഈജിപ്തിലെ പിരമിഡുകൾക്ക് സമീപമെത്തുന്നു. കൊള്ളക്കാരുടെ ആക്രമണത്തിന് വിധേയനായ താൻ മറ്റൊരു കാര്യം മനസ്സിലാക്കുന്നു. നിധി നിക്ഷേപിക്കപ്പെട്ടിരിക്കുന്നത് ഇവിടെയല്ല. തന്റെ വാസസ്ഥലമായിരുന്ന സ്പെയിനിലെ ആ പൊളിഞ്ഞ പള്ളിയുടെയും സാക്രാരിയുടെയും അടുത്താണ്. ഈ വിലയേറിയ അറിവ് ലഭിക്കുവാൻ സുദീർഘവും കഠിനമേറിയതുമായ ആ യാത്ര സാന്റിയാഗോക്ക് ആവശ്യമായിരുന്നു. യേശു കർത്താവ് ദൈവരാജ്യത്തെ വെളിപ്പെടുത്തുന്ന സുപ്രധാനമായ ഒരു വാക്യമുണ്ട് മത്തായിയുടെ സുവിശേഷത്തിൽ. "സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോട് സദൃശ്യം. അത് ഒരു മനുഷ്യൻ കണ്ട് മറച്ചിട്ട് തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങി." (മത്തായി 13:44). ദൈവരാജ്യം എന്ന അതിശ്രേഷ്ഠവും മഹത്വപൂർണ്ണവുമായ നിധി കൈവശമാക്കുവാൻ സാന്റിയാഗേയെപ്പോലെ നമുക്കും തീവ്രമായി ശ്രമിക്കാം. അതിനാവശ്യം പ്രതീക്ഷയല്ല. പ്രത്യാശയാണ്. ഈ ജീവിത യാത്രയിൽ നാം തനിച്ചല്ല. സ്വപ്നങ്ങൾ നമുക്ക് കൂട്ടിനുണ്ട്. പ്രതീക്ഷയുടെ പുത്തൻ വഴിത്താരകൾ അവിടെ നിന്നും തുറക്കപ്പെടും. നിത്യജീവനിലേക്കുള്ള കാൽച്ചുവടുകളാണീ യാത്ര. എല്ലാ നഷ്ടങ്ങളും വേദനകളും മറന്ന് നമുക്ക് യാത്ര തുടരാം. പ്രതീക്ഷയേക്കാൾ വലിയ പ്രത്യാശയുടെ വീഥിയിൽ.

## കൺവൻഷൻ

റാന്നി: ജീസസ് ലവ്സ് ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 29 -31 വരെ കാരമല ജംഗ്ഷന് സമീപം കൺവൻഷൻ നടക്കും. ഗോസ്പൽ ടീം പ്രസിഡന്റ് പാസ്റ്റർ ജോർജ്ജുകുട്ടി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ തിമൊഥിയോസ്, ജെയിംസ് ദാനിയേൽ, സാം വർഗീസ് എന്നിവർ പ്രസംഗിക്കും.

# ഇനി ബാലനില്ലാത്ത കാലം

(3-ാം പേജ് തുടർച്ച)

ദ്ധതിയുടെ ഭാഗമായിരുന്നു. അങ്ങനെയാണെങ്കിലും അതുകൊണ്ട് യൂദക്ക് എന്തെങ്കിലുമൊരു കരുണ ദൈവത്തിൽനിന്ന് ലഭിക്കുമെന്ന് സാർ ചിന്തിക്കുന്നുണ്ടോ?"

അൽപ്പനേരം ആലോചിച്ചിരുന്നതല്ലാതെ ആ ചോദ്യത്തിന് ബാലൻ മറുപടിയൊന്നും പറഞ്ഞില്ല. ഞാൻ പ്രാർത്ഥിച്ച് അവിടെ നിന്നിറങ്ങി.

അച്ചൻകുഞ്ഞുമായി ബന്ധപ്പെട്ട് ഈ അടുത്തകാലത്തും ഞാൻ അദ്ദേഹത്തെ ഫോൺ ചെയ്യേണ്ട ഒരു സന്ദർഭം ഉണ്ടായി. അച്ചൻകുഞ്ഞ് അമേരിക്കൻ കോൺസുലേറ്റിൽ വ്യാജരേഖ കൊടുത്ത് ആർ വൺ വിസ സമ്പാദിച്ചു എന്നതാണ് ബാലൻ ഡിഫൻഡറിൽ പ്രസിദ്ധീകരിച്ചത്. അച്ചൻകുഞ്ഞിന്റെ വിസ മാധ്യമപ്രവർത്തകർക്ക് ലഭിക്കുന്ന 'ഐ' കാറ്റഗറിയിലുള്ള വിസയാണെന്നും ആർ വൺ വിസയല്ലെന്നും ഞാൻ ബാലനെ വിളിച്ചുപറഞ്ഞു. എന്നിട്ടും തനിക്ക് പറ്റിയ തെറ്റ് തിരുത്തുവാൻ ബാലൻ തയ്യാറായില്ല.

(3) ഇനി എന്തു കൊണ്ടാണ് ബാലൻ എനിക്കെതിരെ എഴുതാതിരുന്നത്? കാനം അച്ചനേപ്പോലെയോ സാജു മാത്യുവിനേപ്പോലെയോ ഒന്നും ഞാൻ ബാലനുമായി അടുപ്പം പുലർത്തിയിരുന്നില്ല. ബാലന്റെ പല നിലപാടുകളെയും എതിർത്തുകൊണ്ടു തന്നെ പകുതി നിശബ്ദമായും സുരക്ഷിതമായ അകലവും പാലിച്ച് പിണക്കാതെ ഞാൻ മാറി നിന്നു.

എന്തുകൊണ്ട് സാംകുട്ടിക്കെതിരെ എഴുതുന്നില്ല എന്ന് ചോദിച്ച ചിലരോട് ബാലൻ പറഞ്ഞ മറുപടി ഇപ്രകാരമാണ്. 1. കഷ്ടപ്പെട്ട് സുവിശേഷവേല ചെയ്ത ഒരു ഉപദേശിയുടെ മകനാണെന്ന പരിഗണനയുണ്ട്. രണ്ടാമത് ഹാലേലൂയ്യാ ന്യൂജനറേഷൻകാരെയും ചില വിവരദോഷികളെയുമൊക്കെ പ്രോത്സാഹിപ്പിക്കാറുണ്ടെങ്കിലും ഗുരുതരമായ ഉപദേശപ്പിശകുകളൊന്നും എഴുതാറില്ല.

ഏതായാലും ഇനി ബാലനില്ലാത്ത കാലമാണ്. പെന്തെക്കോസ്തിൽ ഇത്രയധികം ചർച്ച ചെയ്യപ്പെട്ട മറ്റൊരു മനുഷ്യനില്ല. ഗുണപരമായി സ്വാധീനിച്ചതിനേക്കാൾ ഒരു സമൂഹത്തെ മുഴുവനും നെഗറ്റീവായി സ്വാധീനിച്ച വ്യക്തിയെന്നനിലയിൽ ടി.എസ്. ബാലൻ എന്ന ബാലകൃഷ്ണൻ നായർ ഓർമ്മിക്കപ്പെടും.

# ദൈവനിയോഗമായ.....

(4-ാം പേജ് തുടർച്ച)

ക്കീർത്തിയും, പുകഴ്ചയുമായത്-അത് മാത്രമാകണം ഉത്തമ സ്ത്രീയുടെ ലക്ഷ്യം (ഫിലി.4:8).

**5) തെറ്റിന്റെ ഉത്തരവാദിത്തത്തിൽ നിന്നുള്ള ഒളിച്ചോട്ടം**

കഴിവുകേടോ, വിദ്യാഭ്യാസത്തിന്റെ കുറവോ, സൗന്ദര്യമില്ലായ്മയോ ഒന്നും മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുന്നില്ല. പക്ഷേ, പാപം അത് ചെയ്യും. വ്യക്തി സ്വാതന്ത്ര്യത്തിൽ കാര്യങ്ങൾ നേടി, ദൈവത്തെക്കൂടെ മറികടന്ന് കരുക്കൾ നീക്കിയ ഹവ്വ പക്ഷേ എത്തിച്ചേർന്നത് മറ്റൊരു തീരത്താണ്. ലജ്ജ അവളെ മൂടി. അനിയന്ത്രിതമായ ഭയവും, അരക്ഷിതത്വവും വരിഞ്ഞുമുറുക്കി. ഒളിച്ചോട്ടം അവസാന തന്ത്രമായി. പഴിചാരിയാൽ പ്രശ്നം കുറയുമെന്ന് അവൾ ആഗ്രഹിച്ചു. ഇച്ഛാശക്തിയും സ്വാതന്ത്ര്യവും നമുക്ക് ദൈവിക ദാനങ്ങളാണ്. നാം വന്നുപോയ തെറ്റ് പൂർണ്ണമായി തിരുത്തണമെന്നും, ആവർത്തിക്കരുതെന്നും, യഥാസ്ഥാനപ്പെടണമെന്നും ദൈവം ആഗ്രഹിക്കുന്നുണ്ട്. നിരുപാധികമുള്ള ദാവീദിന്റെ ഏറ്റുപറച്ചിൽ ഇവിടെ പ്രസക്തമാകുന്നു. "നിന്നോട് തന്നേ ഞാൻ പാപം ചെയ്തു." ആരോട്, ആര് തെറ്റു ചെയ്തു എന്നറിഞ്ഞാലേ മടങ്ങി വരവ് സാധ്യമാകൂ-ഉപമയിലെ രണ്ടാമത്തെ പുത്രനേപ്പോലെ.

നമ്മുടെ കടമ വ്യക്തമാണ്. തക്ക തുണയായിരിക്കുക. എബ്രായഭാഷയിൽ സുദൃഢമായ കൈത്താങ്ങൽ നൽകി ദൈവികപദ്ധതിയിൽ പങ്കാളികളാകുന്നവർ എന്നർത്ഥമാക്കാം. നന്ദിയുള്ളവർ, ദൈവപ്രമാണങ്ങളിൽ ആനന്ദിക്കുന്നവർ, കുടുംബം എന്ന ആത്മിക അടിസ്ഥാനം പണിയുന്നവർ, പിശാചിന്റെ ഉപായങ്ങളെ തിരിച്ചറിയുന്നവർ, പിഴവുകൾ തിരുത്തുന്നവർ-ദൈവത്തിന്റെ -മനുഷ്യർ ഇവരാണ്.

# ഏരിയ കൺവൻഷൻ

നിലമേൽ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ നിലമേൽ ഏരിയായുടെ പ്രഥമ വാർഷിക കൺവൻഷൻ ആഗസ്റ്റ് 8-ന് പാസ്റ്റർ ജി.തോമസ്കുട്ടി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജോൺസൺ മേമന, തോമസ് ഫിലിപ്പ് വെണ്മണി, ഫിലിപ്പ് പി.തോമസ്, കെ.സി.തോമസ്, ഇവാ.ജോസ് കെ.വർഗീസ്, സൂസൻ തോമസ് എന്നിവർ ശുശ്രൂഷിക്കും. പി.വൈ.പി.എ.സൺഡേസ്കൂൾ സോദരീ സമാജം വാർഷിക മീറ്റിങ്ങുകളും നടക്കും. പത്തനാപുരം ശാലേം വോയ്സ് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. പാസ്റ്റർ ജി.തോമസുകുട്ടി പ്രസിഡന്റ്, ഇവാ.ജോയി ചാക്കോ (സെക്രട്ടറി). ഇവാ.കുഞ്ഞുമോൻ കോശി (ട്രഷറാർ), ഇവാ.സുശീലൻ (പബ്ലിസിറ്റി കൺവീനർ) എന്നിവർ നേതൃത്വം നൽകും.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട (Dist).**



**MANASA COLLEGE OF NURSING**

(Approved by INC & KNC and Affiliated to RGUHS Banglore)
Hosur Main Road, Malur, Bangalore

**B.Sc. (N) | Gen. (N)**
**P.C. B.Sc.(N) | M.Sc.(N)**

Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty

കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ

SAY എഴുതിയവർക്കും അപേക്ഷിക്കാം

College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

Call @ 9947963438 9847170530



അമേരിക്കൻ താൾ

# ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പിടുന്ന ഡോ.ആനി



**എന്റെ ജീവിതം, പ്രൊഫഷൻ, കുടുംബം, മാതാപിതാക്കൾ, മക്കൾ എല്ലാം ദൈവികപരിപാലനത്തിന്റെയും നടത്തിപ്പിന്റെയും സാക്ഷ്യമാണ്.**

**പി**താവും വല്യപ്പച്ചന്മാരും പാപികളുടെ ഹൃദയങ്ങളെ കേടു പോക്കി രക്ഷയിലേക്ക് നയിച്ച ദൈവദാസന്മാർ. ആ പാരമ്പര്യത്തിന്റെ സുകൃതമായിരിക്കാം ആയിരക്കണക്കിന് രോഗികളുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ കയ്യൊപ്പിടുവാൻ ഡോ.ആനിയെ ശക്തയാക്കുന്നത്. അമേരിക്കയിലെ പ്രമുഖ കാർഡിയോജിസ്റ്റുകളിലൊരാളായി തിരഞ്ഞെടുക്കപ്പെട്ട ഡോ.ആനി വർഗീസ് ഹാലേലൂയ്യായ്ക്ക് അനുവദിച്ച അഭിമുഖത്തിൽ നിന്ന്.

യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ് മെഡിക്കൽ സ്കൂൾ ഹൂസ്റ്റണിലെ ക്ലിനിക്കൽ അസിസ്റ്റന്റ് പ്രൊഫസറും നോർത്ത് വെസ്റ്റ് ഹ്യൂസ്റ്റണിലെ പ്രശസ്തമായ അഡ്വാൻസ്ഡ് കാർഡിയോ വാസ്കുലർ കെയർ സെന്റർ വുഡ്ലാൻഡ്സിലെ ഹൃദ്രോഗ വിദഗ്ദ്ധയുമാണ് ഈ ആർപ്പൂക്കരക്കാരി. കൺസ്യൂമർ റിസേർച്ച് കൗൺസിൽ ഓഫ് അമേരിക്കയാണ് അമേരിക്കയിലെ ടോപ്പ് കാർഡിയോളജിസ്റ്റിന്റെ ലിസ്റ്റിൽ ഡോ.ആനി വർഗീസിനെ ഉൾപ്പെടുത്തിയത്.

ആർപ്പൂക്കര കാഞ്ഞപ്പള്ളിൽ പാസ്റ്റർ ഏബ്രഹാം തോമസിന്റെയും ശോശാമ്മയുടെയും മകളായാണ് ആനിയുടെ ജനനം. അമ്മയുടെ പിതാവ് പാസ്റ്റർ പി.വി.ഈപ്പൻ മുണ്ടിയപ്പള്ളി–ശാരോൻ സഭയുടെ ജനറൽ സെക്രട്ടറിയായിരുന്നു. പിതാവിന്റെ പിതാവും പാസ്റ്ററായിരുന്നു. സി.പി.എമ്മിൽ പാസ്റ്റർ തോമസ്. മാതാപിതാക്കളിലൂടെ പകർന്നു ലഭിച്ച പൈതൃക ദൈവാനുഗ്രഹമാണ് തന്റെ എല്ലാ നേട്ടങ്ങളുടെയും അടിത്തറയെന്ന് ഡോ.ആനി വർഗീസ് വിശ്വസിക്കുന്നു.

1963–ലാണ് പിതാവ് പാസ്റ്റർ ഏബ്രഹാം തോമസ് സ്റ്റുഡന്റ് വിസായിൽ അമേരിക്കയിലെത്തുന്നത്. കൈക്കുഞ്ഞായ ആനിയെ മാതാപിതാക്കളെ ഏല്പിച്ചിട്ട് അധികം വൈകാതെ ശോശാമ്മയും ഭർത്താവിന്റെ അടുക്കലേക്ക് പോന്നു. നാലാം വയസ്സിലാണ് ആനിക്ക് മാതാപിതാക്കളുടെ അടുക്കലെത്തുവാൻ അവസരമൊരുങ്ങിയത്. 1967 മുതൽ ഈ കുടുംബം മേഫീൽഡിൽ ചെറിയൊരു വീട്ടിൽ വളരെ ഞെരുങ്ങിയ സാഹചര്യത്തിൽ താമസമാരംഭിച്ചു. ഏബ്രഹാം തോമസ് അന്ന് അസംബ്ലീസ് ഓഫ് ഗോഡിന്റെ ചെറിയൊരു സഭയിൽ സഹശുശ്രൂഷകനായി പ്രവർത്തിക്കുകയായിരുന്നു.

നാലു വർഷങ്ങൾക്ക് ശേഷം ചിക്കാഗോയിലേക്ക് താമസം മാറ്റി. ഇന്റർനാഷണൽ ക്രിസ്ത്യൻ ചർച്ച് എന്ന പേരിൽ ഒരു മലയാളം ആരാധന ആരംഭിച്ചു. പിന്നീട് അഗസ്റ്റയിലേക്ക് താമസം മാറ്റി. മാതാപിതാക്കളുടെ ഭക്തിയും ദൈവാശ്രയവും ആനി വർഗീസിനെ ആഴമായി സ്വാധീനിച്ചു. ആദ്യകാലങ്ങളിലെ ബുദ്ധിമുട്ടുകൾ കൂടുതൽ ദൈവത്തിലാശ്രയിക്കുവാൻ വഴിയൊരുക്കി.

*? ഒരു മെഡിക്കൽ ഡോക്ടറാകുക എന്ന സ്വപ്നം എന്നാണ് മനസ്സിലേക്ക് കയറിയത്?*

എന്റെ പിതാവിന് അന്നത്തെ സാഹചര്യത്തിൽ എന്നെയൊരു നേഴ്സാക്കണമെന്നായിരുന്നു ആഗ്രഹം. എന്നാൽ തീരെ ചെറുപ്പം മുതൽ ഡോക്ടറാകുക എന്ന സ്വപ്നം എന്റെ മനസ്സിൽ കയറിയിരുന്നു. ആറു വയസ്സുള്ളപ്പോൾ ഹൃദയം പരിശോധിക്കുന്ന ഡോക്ടർ ആകണം എന്ന് ഞാൻ പറയുമായിരുന്നത്രേ. എന്തായാലും ദൈവത്തിന്റെ പദ്ധതി അതായിരുന്നു. ബാല്യം മുതൽ ദൈവം എന്നെ അതിലേക്ക് നയിച്ചു.

*? പഠനത്തെക്കുറിച്ച്?*

അഗസ്റ്റ മെഡിക്കൽ സ്കൂളിലാണ് എന്റെ പഠനം ആരംഭിച്ചത്. മെഡിക്കൽ കോളജ് ഓഫ് ജോർജ്ജിയായിൽ നിന്ന് എം.ഡി.ഡിഗ്രി കരസ്ഥമാക്കി. റസിഡൻസി പൂർത്തിയാക്കിയത് ഹ്യൂസ്റ്റണിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് മെഡിക്കൽ സ്കൂളിൽ നിന്നാണ്. ഇന്റേണൽ മെഡിസിനിലായിരുന്നു റസിഡൻസി. തുടർന്ന് അതേ യൂണിവേഴ്സിറ്റിയിൽ കാർഡിയോ വാസ്ക്കുലർ ഡിസീസിൽ ഫെലോഷിപ്പ് ലഭിച്ചു.

പത്തു വർഷത്തെ ഡോക്ടറൽ പ്രാക്ടീസിന് ശേഷമാണ് എനിക്ക് ഫെലോഷിപ്പ് ലഭിച്ചത്. സാധാരണ ഗതിയിൽ ഇത്രയും കാലത്തെ പ്രാക്ടീസിന് ശേഷം ഇങ്ങനെയൊരു ഫെലോഷിപ്പ് ലഭിക്കുവാൻ യാതൊരു ചാൻസുമില്ല. എന്നാൽ ഞാൻ പ്രാർത്ഥിച്ചു. ദൈവം എനിക്കതിന് അവസരം തന്നു. ഇന്റർവൻഷണൽ കാർഡിയോളജിയിൽ ലോകപ്രശസ്തനായ യഹൂദാ ഡോക്ടർ ഡേവിഡ് ഫിഷായിരുന്നു എന്റെ ഫെലോഷിപ്പ് ഗൈഡ്. സത്യത്തിൽ എന്റെ ഗൈഡാകുവാൻ അദ്ദേഹം ആദ്യം വിസമ്മതിച്ചതാണ്. എന്നാൽ അവിടെയും ദൈവം എനിക്ക് വേണ്ടി അത്ഭുതം പ്രവർത്തിച്ചു. ഈ യൂണിവേഴ്സിറ്റിയിൽ ഇന്റർവൻഷണൽ കാർഡിയോളജിയിൽ ഫെലോഷിപ്പ് പൂർത്തിയാക്കുന്ന അഞ്ചാമത്തെ വനിതയാണ് ഞാൻ.

*? ഒരു ഹൃദ്രോഗ വിദഗ്ദ്ധ എന്ന നിലയിൽ താങ്കൾ ചെയ്യുന്ന പ്രധാന കാര്യം എന്താണ്?*

ഹൃദയസംബന്ധമായ എല്ലാ അസുഖങ്ങൾക്കും ചികിത്സ ചെയ്യേണ്ടതായി വരും. എന്നാൽ സ്റ്റെന്റ് ഇടുന്നതിലാണ് ഞാൻ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതിനകം ആയിരക്കണക്കിന് രോഗികളിൽ സ്റ്റെന്റ് ഇടുവാനും അവരെ രക്ഷപെടുത്തുവാനും സാധിച്ചിട്ടുണ്ട്.

*? മലയാളികളെ വളരെയധികം ബാധിക്കുന്ന രോഗമാണല്ലോ ഹാർട്ട് അറ്റാക്ക്. എന്താണ് മലയാളികളോട് പറയാനുള്ളത്?*

സത്യത്തിൽ രോഗം വന്നശേഷം ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുക എന്നതാണ് പ്രധാനം. മറ്റു രാജ്യങ്ങളേക്കാൾ നാലിരട്ടി ഹൃദ്രോഹം ഇന്ത്യാക്കാരിലാണുള്ളത്. നമ്മുടെ ഭക്ഷണരീതികൾ, ക്രമീകൃതമായ വ്യായാമമില്ലായ്മ എന്നിവയെല്ലാം ഹൃദ്രോഗ കാരണങ്ങളാണ്. ഓരോ വ്യക്തിയുടെയും ശാരീരിക ഘടന, പാരമ്പര്യം എന്നിവയെല്ലാം പ്രധാനമാണ്. എന്റെയൊരു നിരീക്ഷണത്തിൽ റഗുലറായി രക്തപരിശോധന നടത്തുക. അത് അനലൈസ് ചെയ്ത് ഭക്ഷണ, വ്യായാമ ക്രമീകരണങ്ങൾ പുനഃക്രമീകരിക്കുക എന്നതാണ് ഹൃദ്രോഗം തടയുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

ഇന്ത്യയിൽ ഡയബെറ്റിക്സ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുണ്ട്. ഐ.എം.എ.യുമായി (ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ) ചേർന്ന് ഡയബെറ്റിക്സിനെതിരെയുള്ള ചില പ്രവർത്തനങ്ങളിൽ ഞാനും പങ്കാളിയാകുന്നുണ്ട്.

*? ഇന്ത്യയിൽ സാധാരണ വരാറുണ്ടോ?*

ഞാനങ്ങനെയൊരു റഗുലർ വിസിറ്റർ ആയിരുന്നില്ല. ബാബുച്ചായൻ എന്നെ ഇന്ത്യയിൽ പോകുന്നതിൽ നിന്ന് സ്നേഹപൂർവ്വം വിലക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ എന്റെ ജന്മനാടല്ലേ. ഞാനിപ്പോൾ ഐ.എം.എയുമായി ചേർന്ന് ചില പ്രൊജക്ടുകളിൽ സഹകരിക്കുന്നു. മാത്രവുമല്ല, മുംബൈ ഡെഡ്സ്ട്രീറ്റിൽ നിന്ന് കുട്ടികളെ രക്ഷിക്കാനുള്ള ഒരു പ്രൊജക്ടും ചെയ്യുന്നുണ്ട്.

പിന്നെ കേരളം എനിക്കെന്നും നൊസ്റ്റാൾജിക് ഫീലിംഗ് നൽകുന്നുണ്ട്. ആർപ്പൂക്കരയിൽ കയ്യും വീശി റോഡിലൂടെ നടക്കുന്നതും മുണ്ടിയപ്പള്ളിയിലെ അമ്മവീട്ടിൽ കുടംപുളിയിട്ട മീൻ കൂട്ടുന്നതും ഒക്കെ മറക്കാനാവുമോ?

*? ബാബുച്ചായൻ എന്നു പറഞ്ഞു, ഭർത്താവിനെ അങ്ങനെയാണോ വിളിക്കുന്നത്?*

ശരിക്കും ബാബുച്ചായനാണ് എന്റെ ജീവിതവിജയത്തിന്റെ മുഴുവൻ ക്രെഡിറ്റിനും അവകാശി. കാരണം ഞാൻ 18–ാം വയസിൽ വിവാഹിതയായതാണ്. ഞാൻ മെഡിസിൻ പഠനം തുടങ്ങുമ്പോൾ ഒരു പെൺകുഞ്ഞിന്റെ അമ്മയാണ്. എനിക്ക് പഠനം തുടരാൻ പ്രേരണ നൽകിയതും പഠനത്തിൽ സഹായിച്ചതുമൊക്കെ അദ്ദേഹമാണ്. എന്റെ പഠനകാലത്ത് ബാബുച്ചായൻ ഒത്തിരി കഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. ഞാനദ്ദേഹത്തെ ഏറെ ബഹുമാനിക്കയും സ്നേഹിക്കുകയും ചെയ്യുന്നു.

*? വിവാഹം എങ്ങനെയായിരുന്നു?*

ഞാൻ മാതാപിതാക്കളെ അനുസരിക്കുന്ന ഒരു പെൺകുട്ടിയായിരുന്നു. 18–ാം വയസ്സിൽ അവരുടെ നിർദ്ദേശാനുസരണം നാട്ടിലേക്ക് പോയി. മൂന്നു മാസം വല്യപ്പച്ചൻ പാസ്റ്റർ പി.വി.ഈപ്പന്റെ കൂടെ മുണ്ടിയപ്പള്ളിയിൽ താമസിച്ചു. അന്നാണ് ഞാൻ കേരളത്തെ ശരിക്കും അറിയുന്നത്. കാരണം നാലു വയസ്സുള്ളപ്പോൾ അമേരിക്കയിലേക്ക് കുടിയേറിയതല്ലേ. അന്ന് അമ്മച്ചി എന്നെ മാർത്തോമ്മക്കാരുടെയും യാക്കോബാക്കാരുടെയും ഒക്കെ കല്യാണങ്ങൾ കാണിച്ചു തന്നു.

പിന്നെ എനിക്ക് കല്യാണാലോചനകളുടെ ബഹളമായിരുന്നു. നൂറിലധികം ചെറുപ്പക്കാരുടെ ഫോട്ടോകൾ ഞാൻ കണ്ടു. മിക്കതും എനിക്കിഷ്ടമായില്ല. പെണ്ണുകാണലുകൾക്ക് സാരി ഉടുത്ത് കയ്യിൽ ചായക്കപ്പ് വച്ച ട്രേയുമായി ഞാൻ നാണിച്ചുനിന്നിട്ടുമുണ്ട്. മുപ്പതു വർഷം മുമ്പിലത്തെ കാര്യമാണീ പറയുന്നത്. ഇപ്പോൾ എനിക്കതെല്ലാം ശരിക്കും ഫണ്ണിയായി തോന്നുന്നു. ഇപ്പഴും അങ്ങനെയൊക്കെയുള്ള പെണ്ണുകാണൽ നാട്ടിലുണ്ടോ?

കോട്ടയത്ത് ഇടയത്ര കുടുംബത്തിൽ നിന്ന് ബാബുച്ചായൻ മുണ്ടിയപ്പള്ളിയിൽ വന്ന് എന്നെ പെണ്ണുകണ്ടു. അദ്ദേഹം എഞ്ചിനിയറാണ്. ഞങ്ങൾ തമ്മിൽ സംസാരിച്ചു. ഇഷ്ടപ്പെട്ടു. കോട്ടയത്ത് ടാബർനാക്കിൾ സഭയുടെ ചുമതലയിൽ കല്യാണം നടന്നു.

1991–ൽ ബാബുച്ചായന് ബ്രിട്ടീഷ് പെട്രോളിയം കമ്പനിയായ Amoco-യിൽ എഞ്ചിനിയറായി ജോലി ലഭിച്ചു. അങ്ങനെയാണ് ഞങ്ങൾ ഹ്യൂസ്റ്റണിലേക്ക് താമസം മാറ്റുന്നത്. കഴിഞ്ഞ 32 വർഷം ഞങ്ങളുടെ കുടുംബജീവിതത്തെ ദൈവം അനുഗ്രഹിച്ചു. എനിക്കിപ്പോൾ 50 വയസ് പൂർത്തിയായി. ഞങ്ങൾ ബർത്ത്ഡേ സെലിബ്രേറ്റ് ചെയ്തു. ഞാൻ എന്റെ കുടുംബത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

*? മക്കൾ:* ഞങ്ങൾക്ക് മൂന്നു മക്കൾ. മൂത്ത മകൾ എലിസബത്തിന് 30 വയസ്സുണ്ട്. രണ്ടാമത്തെ മകൾ സൂസേൻ 21 വയസ്, മൂന്നാമത്തെ നിക്കോൾ 12 വയസ്, മക്കൾ തമ്മിൽ എന്താണ് ഇത്ര വലിയ പ്രായവ്യത്യാസം എന്ന് പലരും ചോദിക്കാറുണ്ട്. എന്റെ പഠനത്തിന്റെയയും ട്രെയിനിംഗിന്റെയുമൊക്കെ തിരക്കുകൾ മൂലമാണ് അങ്ങനെ സംഭവിച്ചത്.

*? പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ ദൈവീക പരിപാലനത്തിന്റെ അനുഭവങ്ങൾ?*

എന്റെ ജീവിതം, പ്രൊഫഷൻ, കുടുംബം, മാതാപിതാക്കൾ, മക്കൾ എല്ലാം ദൈവികപരിപാലനത്തിന്റെയും നടത്തിപ്പിന്റെയും സാക്ഷ്യമാണ്. എന്നാൽ 1998–ൽ മരണകരമായ ഒരു അപകടത്തിൽ നിന്ന് ദൈവം എന്നെ അത്ഭുതകരമായി വിടുവിച്ചു.

എന്റെ ഫെലോഷിപ്പ് ആരംഭിക്കുന്നതിന് മുമ്പ് ഞാൻ വീട്ടിൽ നിന്ന് ആശുപത്രിയിലേക്ക് കാറിൽ സഞ്ചരിക്കുന്നു. ഹൈവേ 45–ൽ സാമാന്യം നല്ല സ്പീഡിൽ ഡ്രൈവ് ചെയ്യുകയാണ്. പെട്ടെന്ന് എങ്ങനെ സംഭവിച്ചെന്ന് അറിയില്ല. ഒരു വളവിൽ നിയന്ത്രണം നഷ്ടപ്പെട്ട ഒരു ഭീമൻ 18 വിലർ ട്രക്ക് എന്റെ നേരെ തിരിഞ്ഞു വന്നു. എന്റെ കാർ തകർത്തു കൊണ്ട് ട്രക്ക് റോഡിൽ വിലങ്ങനെ മറിഞ്ഞു. വണ്ടികൾ തമ്മിൽ ഇടിക്കുന്നത് എന്റെ ഓർമ്മയിലില്ല. ട്രക്ക് എന്റെ നേരെ തിരിഞ്ഞതും ഒരു കട്ടിയുള്ള വെള്ളപ്പുക എന്നെ മൂടുന്നതും ഞാൻ സ്തോത്രം പറയുന്നതും എനിക്കോർമ്മയുണ്ട്. എന്റെ കാർ BMW ആയിരുന്നു. അപകടം നടന്ന് പുറത്തേക്ക് തെറിച്ചു വീണ ഞാൻ പരിക്കില്ലാതെ രക്ഷപെട്ടു. എഴുന്നേറ്റ് നോക്കുമ്പോൾ എന്റെ BMW തകർന്ന് തരിപ്പണമായി കിടിക്കുന്നു. സാൽവേഷൻ ആർമിയുടെ ഉടമസ്ഥതയിലുള്ള ട്രക്ക് മറിഞ്ഞ് അതിലുണ്ടായിരുന്ന തടി ഫർണിച്ചറുകൾ മുഴുവൻ റോഡിൽ ചിതറിക്കിടക്കുന്നു. അതിലൊരു ഫർണിച്ചറിന്റെ ഒരു കഷണം എന്റെമേൽ തട്ടിയാൽ ഞാനീ കഥ പറയുവാൻ ബാക്കി ഉണ്ടാവില്ലായിരുന്നു.

ഞാൻ റോഡിൽ നിന്ന് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചു. ശരിക്കും ഇതെന്റെ രണ്ടാം ജന്മമാണ്. ദൈവം മടക്കിത്തന്ന ജീവിതം. ആയിരങ്ങളെ ജീവനിലേക്ക് നയിക്കാൻ ദൈവം മടക്കിത്തന്ന ജീവിതം.

# കായംകുളത്തു നിന്ന് ഡൽഹി വഴി പെന്തെക്കോസ്തിലേക്ക്

## ഹ്യൂസ്റ്റണിലെ ബഥേൽ എ.ജി.സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോൺ സി. ഡാനിയേലിന്റെ ജീവിത കഥ

**കാ**യംകുളം കാപ്പിൽ ചെങ്ങാലപ്പിള്ളിൽ ജോൺ-മാർത്താമ്മ ദമ്പതികളുടെ കുടുംബം സുവിശേഷ ദർശനമുള്ള സി.എസ്.ഐ. കുടുംബമായിരുന്നു. ഏഴു മക്കളിൽ മൂത്തവനെ അച്ചനാക്കിയേക്കാമെന്ന് നേരുമ്പോൾ അമ്മയുടെ സ്വപ്നത്തിൽപ്പോലും തന്റെ രണ്ടു മക്കൾ പെന്തെക്കോസ്തിലെ പാസ്റ്റർമാരാകുമെന്ന് കരുതിയിരുന്നില്ല. ആദ്യം ഒന്നാമനും പിന്നെ ആറാമനും കർതൃദാസന്മാരായി. ആ കഥ അവരിൽ ഇളയവൻ പാസ്റ്റർ ജോൺ സി. ഡാനിയേൽ വിവരിക്കുന്നു.

എന്റെ ജ്യേഷ്ഠസഹോദരൻ പി.ജെ.ഏബ്രഹാമാണ് ഞങ്ങളുടെ കുടുംബത്തിൽ നിന്ന് ആദ്യമായി പെന്തെക്കോസ്ത് വിശ്വാസം സ്വീകരിക്കുന്നത്. മധ്യപ്രദേശിലെ ജഗദൽപ്പൂരിൽ ജോലിയിലായിരിക്കെയാണ് ജ്യേഷ്ഠൻ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിക്കുന്നത്. ഞങ്ങളുടെ ഒരു സഹോദരി 22-ാം വയസ്സിൽ ക്യാൻസർ ബാധിച്ച് മരണമടഞ്ഞിരുന്നു. ആ മരണമാണ് ജ്യേഷ്ഠനെ വിശ്വാസത്തിലേക്ക് നയിച്ചത്. അദ്ദേഹം പിന്നീട് ജോലി രാജിവച്ച് ജഗദൽപ്പൂരിൽ തന്നെ സഭാശുശ്രൂഷകനായി. പാസ്റ്റർ പി.ജെ.ഏബ്രഹാം ഇപ്പോൾ 78-ാം വയസ്സിലും കർത്താവിന് വേണ്ടി അധ്വാനിക്കുന്നു.

1968-ൽ ഞാൻ ഡൽഹിയിലെത്തി. എന്റെ മറ്റൊരു സഹോദരിയായ അന്നമ്മ ഡൽഹിയിൽ ജോലി ചെയ്യുകയായിരുന്നു. ഞാനും ജോലി തേടി ഡൽഹിയിലെത്തി. അവിടെ ചില മാർത്തോമ്മക്കാരായ സഹോദരന്മാരോടൊപ്പം താമസിച്ച് ജോലിക്ക് പൊയ്ക്കൊണ്ടിരുന്നു. എന്റെ സഹോദരി അന്നമ്മയുടെ സ്നേഹിതകൾ പലരും പെന്തെക്കോസ്തുകാരായിരുന്നു. അങ്ങനെ അന്നമ്മയും വിശ്വാസത്തിലേക്ക് നയിക്കപ്പെട്ടു. സഹോദരിയിൽ നിന്ന് എന്നെക്കുറിച്ചറിഞ്ഞ പാസ്റ്റർ കെ.ടി.തോമസ് എന്നേത്തേടി എന്റെ റൂമിലെത്തി. അദ്ദേഹത്തിന്റെ ഉത്സാഹത്തിലും ഉപദേശത്തിലുമാണ് എന്റെ ജീവിതം പെന്തെക്കോസ്തനുഭവത്തിലേക്ക്



തിരിയുന്നത്. സ്നാനം ദൈവവചനത്തിന്റെ വ്യവസ്ഥയാണെന്നൊക്കെ ബോധ്യമായെങ്കിലും ഇറങ്ങാൻ ധൈര്യം വന്നില്ല. എങ്കിലും പ്രാർത്ഥിച്ചു. ഒടുവിൽ 1970-ൽ യമുനാ നദിയിൽ ഞാൻ സ്നാനമേറ്റു.

പിന്നീടുള്ള ഏഴു വർഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവുമധികം ആത്മീയ സന്തോഷം അനുഭവിച്ച ദിവസങ്ങളായിരുന്നു. ഡൽഹി ഉണർവ്വിന്റെ പാരമ്യതയിൽ നില്ക്കുന്ന കാലം. നിരന്തരം പരസ്യയോഗങ്ങളും സുവിശേഷ പ്രവർത്തനവും പാസ്റ്റർ കെ.ടി.തോമസിനോടൊപ്പം കാശ്മീരി ഗേറ്റിലും രാജാ ഗാർഡനിലുമെന്നു വേണ്ടാ ഡൽഹിയുടെ മുക്കിലും മൂലയിലും പരസ്യയോഗങ്ങൾ നടത്തി.

1977 മാർച്ചിൽ ഞാൻ വിവാഹിതനായി. ഭാര്യ രാജമ്മ. അതേ വർഷം ജൂലൈ 27-ന് ന്യൂയോർക്കിലെത്തി. ഒരു മാസം അവിടെ നിന്നശേഷം ജോലിയോടുള്ള ബന്ധത്തിൽ ഹ്യൂസ്റ്റണിലെത്തി. അന്ന് ഹ്യൂസ്റ്റണിൽ ഇന്നത്തേപ്പോലെ മലയാളികളില്ല. പാസ്റ്റർ വി.എ.തോമസ് അച്ചൻ നടത്തുന്ന ആരാധനയാണ് ഹ്യൂസ്റ്റണിലുള്ളത്. കുറേ സഹോദരിമാരാണ് പ്രധാനമായും അച്ചന്റെ ആത്മാക്കൾ. ഞാനും ആ കൂട്ടത്തിൽ ചേർന്നു.

പില്ക്കാലത്ത് അവരിൽ മിക്കവരും ഈ സഭയിൽ നിന്ന് പിരിഞ്ഞു പോയി. 1989-ൽ ഈ സഭ അസംബ്ലീസ് ഓഫ് ഗോഡിന്റെ സഭയായി മാറി. ആദ്യം പാസ്റ്റർ ദാനിയേൽ കോശിയും പിന്നീട് പാസ്റ്റർ പി.എ. ഫിലിപ്പും ഇവിടെ ശുശ്രൂഷിച്ചു. ഐസക് ജോർജ്ജ് പാസ്റ്റർക്ക് ശേഷം സഭാ ശുശ്രൂഷകന്മാരില്ലാതെ വന്ന സാഹചര്യത്തിലാണ് ഞാൻ സഭാ ശുശ്രൂഷ ഏറ്റെടുക്കുന്നത്. അതൊരു ദൈവീക നിയോഗമായിരുന്നു. ഡൽഹിയിൽ കർതൃശുശ്രൂഷയിൽ പാസ്റ്റർ കെ.ടി.തോമസിനോടൊപ്പം ലഭിച്ച പ്രാക്ടീസ് എനിക്കേറെ ഗുണം ചെയ്തു. ദൈവകൃപയാൽ സഭാ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുൻപോട്ട് പോകുന്നു.

പാസ്റ്റർ ജോൺ സി. ഡാനിയേൽ-രാജമ്മ ദമ്പതികൾക്ക് മൂന്നു മക്കളാണ്. മൂന്നു പേരും മെഡിക്കൽ പ്രൊഫഷനിൽ പ്രവർത്തിക്കുന്നു.

ഡോ.ജെറി ദാനിയേൽ, ഡോ.ജിം ദാനിയേൽ, ഡോ.സോഫിയാ ജീൻ ദാനിയേൽ

## തീരദേശ സുവിശേഷീകരണം

കൊല്ലം: കൊട്ടാരക്കര മേഖലാ പി.വൈ.പി.എ യുടെ ആഭിമുഖ്യത്തിൽ ജൂലൈ ആറിന് കൊല്ലം നോർത്ത് സെന്ററിലെ പള്ളിത്തോട്ടം ഐ.പി.സി സഭ കേന്ദ്രീകരിച്ച് തീരദേശ സുവിശേഷീകരണ പ്രവർത്തനം നടത്തി. മേഖലാ പ്രസിഡന്റ് പാസ്റ്റർ



ഷിബു ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൊല്ലം നോർത്ത് സെന്റർ മിനിസ്റ്ററും സ്റ്റേറ്റ് കൗൺസിൽ മെമ്പറുമായ പാസ്റ്റർ ജോസ് കെ.എബ്രഹാം പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ഏകദേശം ഇരുനൂറോളം വീടുകൾ സന്ദർശിച്ച് സുവിശേം ഉ

## സാം റ്റി.മുഖത്തല യു.കെയിൽ



**ലണ്ടൻ:** പ്രശസ്ത ഗാനരചയിതാവും പ്രസംഗകനുമായ സാം റ്റി. മുഖത്തല ചർച്ച് ഓഫ് ഗോഡ് യു.കെ.& അയർലണ്ട് മലയാളം സെക്ഷൻ കോൺഫ്രൻസിൽ പ്രസംഗിക്കുന്നു. ഫോൺ: 0474-2708197, 9048359911




## പഠനോപകരണവിതരണം



തൃശ്ശൂർ: സി.സി.വൈ.എം. മാന്ദാമംഗലം ചാപ്റ്റർ 4-ാം വാർഷികം കട്ടിംഗ് ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ നടന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡും പഠനോപകരണവിതരണവും നടത്തി. പാസ്റ്റർ ജോയ് പെരുമ്പാവൂർ, കെ.ജെ. ഫിലിപ്പ്, പാസ്റ്റർ ശ്രീജിത്ത്, പാസ്റ്റർ കെ.ജെ.ഫിലിപ്പ്, പാസ്റ്റർ ജോസ്, പാസ്റ്റർ ജോസഫ് ജോൺ, സ്റ്റേറ്റ് ചാരിറ്റി കൺവീനർ ബിബിൻ കെ. ജോസഫ്, ചാപ്റ്റർ പ്രസിഡന്റ് ജോമോൻ, സ്റ്റേറ്റ് താലന്ത് കൺവീനർ ഇവാ.ഷിജു സി.വി. എന്നിവർ നേതൃത്വം നൽകി.

*സി.സി.വൈ.എം.മാന്ദാമംഗലം ചാപ്റ്റർ മുഖ്യരക്ഷാധികാരി പാസ്റ്റർ കെ.ജെ. ഫിലിപ്പ് പാഠനോപകരണം വിതരണം ചെയ്യുന്നു. ബിബിൻ കെ.ജോസഫ് സമീപം*

## സംസ്ഥാന പി.വൈ.പി.എ. സമൂഹവിവാഹം




**മാവേലിക്കര:** പി.വൈ.പി.എ സംസ്ഥാന കമ്മിറ്റിയുടെയും ബഹറിൻ ഇമ്മാനുവേൽ ഐ.പി.സി ചർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ നാലു യുവതികളുടെ വിവാഹം മാവേലിക്കര ഐ.ഇ.എം ആഡിറ്റോറിയത്തിൽ പാസ്റ്റർ രാജു പൂവക്കാലയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ കെ.സി.ജോൺ നിർവ്വഹിച്ചു. പ്രസിഡന്റ് സുവി. വിൽസൺ ശാമുവേൽ സ്വാഗതവും, സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത് വിഷയാവതരണവും, പാസ്റ്റർ ഷാജി വർഗ്ഗീസ് കൃതജ്ഞതയും പറഞ്ഞു. നവദമ്പതികൾക്കുള്ള ധനസഹായം 1 ലക്ഷം രൂപ വീതം രാജേഷ് ആർ എം.എൽ.എയും മാവേലിക്കര മുൻസിപ്പൽ ചെയർമാൻ അഡ്വ.കെ.ആർ മുരളീധരൻ, പാസ്റ്റർ കെ.സി. ജോൺ എന്നിവർ കൈമാറി. പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ തോമസ് ചാക്കോ, സിസ്റ്റർ സൂസൻ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ കെ.എം.ജോൺ നവദമ്പതികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. സജി പോൾ, പാസ്റ്റർ സുദർശനൻ പിള്ള, പാസ്റ്റർ ഡിലു ഡോൺ, പാസ്റ്റർ രാജു ആനിക്കാട്, മാമ്മൻ ജോൺ, ജോർജ്ജ് മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. സുവി.സിനോജ് ജോർജ്ജ്, ലൈജു ജോർജ്ജ്, സുവി.സുനിൽ മാത്യു, കെബി ബിനു, അജു അലക്സ്, പാസ്റ്റർ ജോബി ജോസഫ്, ജസ്റ്റിൻ രാജ് നേതൃത്വം കൊടുക്കുന്ന ആലപ്പുഴ മേഖലാ പി.വൈ.പി.എ പ്രവർത്തകരും ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ്



**മാനന്തവാടി:** ഫേബാ കംപാഷന്റെയും, മാനന്തവാടി ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 300 പേർക്കുള്ള സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂലൈ 7-ന് കൊയിലേരി സി.എസ്.ഐ.ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. ഡയറക്ടർ കെ.എം. ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ.വി.ശശി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ജോയി മുളയ്ക്കൽ സ്വാഗതം അറിയിച്ചു.

ഫേബാ കംപാഷൻ ചെയർമാൻ പാസ്റ്റർ ബിജു പയ്യംപള്ളി, വൈസ് ചെയർമാൻ പാസ്റ്റർ സജി നെടുങ്കണ്ടം, വാർഡ് മെമ്പർ അശോകൻ കൊയിലേരി തുടങ്ങിയവർ ആശംസ അറിയിച്ചു. ജില്ലാ കോർഡിനേറ്റർ തോംസൺ ഒറ്റത്തെങ്ങിൽ കൃതജ്ഞത അറിയിച്ചു.


നിങ്ങളുടെ വിവാഹം ഏറ്റവും ഭംഗിയായും ഉത്തരവാദിത്വത്തോടും ചെയ്തുതരുന്നു



BENEvents
providing colourful events
Bethel Building, Near SBT
Kumbanad, Thiruvalla 689 547, India
Mob: 9947933433
Email: benevents@ymail.com
www.benevents.org



തിമഥി ഇൻസ്റ്റിറ്റ്യൂട്ടും
അവാന ഇന്റർനാഷണലും
സംയുക്തമായി സംഘടിപ്പിക്കുന്ന
ചിൽഡ്രൻസ് ക്ലബ്ബ്
ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
സെപ്റ്റംബർ 4,5,6 തീയതികളിൽ
ക്രൈസ്തവാശ്രമം, മാങ്ങാനം, കോട്ടയം

* സണ്ടേസ്കൂൾ, കിഡ്സ് ചർച്ച്, ചിൽഡ്രൻസ് ക്ലബ്ബ് ഇവ നടത്തുവാനുള്ള ത്രിദിന പരിശീലനം
* ട്രെയ്നിംഗ് പൂർത്തീകരിക്കുന്നവർക്ക് ഒരു വർഷത്തെ സ്റ്റഡീമെറ്റീരിയൽ സൗജന്യമായി നൽകുന്നു
* പ്രവേശനം സൗജന്യം
* ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് പ്രവേശനം
* ഒരു സഭയിൽനിന്ന് രണ്ടുപേർക്ക് പങ്കെടുക്കാം
* ഒക്ടോബർ മാസത്തിൽ പാലക്കാട്, മലപ്പുറം ജില്ലകളിൽ ട്രെയിനിംഗ് നടക്കുന്നതാണ്

ഇന്നു തന്നെ വിളിക്കുക- 9745647909, 9847129126


## താനെയിൽ സംയുക്ത ആരാധനയും ചേരി സ്കൂൾ പദ്ധതി ഉദ്ഘാടനവും

താനെ, മഹാരാഷ്ട്ര: ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ നേതൃത്വം നൽകുന്ന കൊങ്കൺ മുംബൈ മിഷന്റെ നേതൃത്വത്തിൽ താനെയിലെ ദിഗയിൽ വച്ച് ആഗസ്റ്റ് 15-ന് സഭകളുടെ സംയുക്ത ആരാധന നടക്കും. ഈ സമ്മേളനത്തിന്റെ ഭാഗമായി സ്ലം സ്കൂൾ പ്രൊജക്ടിന്റെ (ചേരിസ്കൂൾ പദ്ധതി) ഔദ്യോഗിക ഉദ്ഘാടനം നടക്കുന്നതാണ്. ഡോക്ടർ ജയിംസ് തോമസാണ് മുഖ്യാതിഥി.

ഇന്ത്യയിൽ ഏറ്റവും അധികം ചേരികളുള്ള പട്ടണമാണ് മുംബൈ. ഒന്നര ലക്ഷത്തോളം വരുന്ന കുട്ടികളിൽ കേവലം 9% കുട്ടികൾക്ക് മാത്രമാണ് ഏതെങ്കിലും നിലയിലുള്ള പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നത്. അത്തരം കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിർത്തുവാനും ക്രിസ്തീയ മൂല്യങ്ങൾ പഠിപ്പിക്കുവാനും ആരംഭിച്ചിരിക്കുന്ന പദ്ധതിയനുസരിച്ച് പത്തോളം സ്ഥലം സ്കൂളുകൾ വിവിധ ചേരികളിൽ ഇതിനോടകം പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഏറ്റവും കുറഞ്ഞത് അയ്യായിരം രൂപയെങ്കിലും ഒരു യൂണിറ്റിന് ചിലവ് വരും. ഈ പദ്ധതിയിൽ പങ്കാളികളാകാനുള്ള അവസരം ലഭ്യമാണെന്ന് കൊങ്കൺ മുംബൈ മിഷൻ ഡയറക്ടർ പാസ്റ്റർ തോമസ് മുല്ലക്കൽ അറിയിച്ചിട്ടുണ്ട്. പാസ്റ്റർ സജി മാത്യു ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യക്ക് നേതൃത്വം നൽകുന്നു. 869 197 1545 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഉപവാസ പ്രാർത്ഥന

മൂന്നാർ: ഐ.പി.സി.ബഥേൽ പഴംപിള്ളിച്ചാൽ സഭയിൽ ജൂലൈ 22-28 വരെ 7 ദിവസത്തെ ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗവും നടക്കും. പാസ്റ്റർ കെ.വൈ.ജോഷ്വാ, ഏബ്രഹാം ചെറിയാൻ നെടുമ്പ്രം, മനു എം.ബേബി, ചാക്കോ എം.ലൂക്കോ, റ്റി.പി.അനിൽ എന്നിവർ പ്രസംഗിക്കും.

## ടി.എസ്.ബാലൻ: ഒരു യുഗം അവസാനിച്ചു

(1-ാം പേജ് തുടർച്ച)

ബാലൻ പ്രതികരിച്ചപ്പോൾ അതിൽ ബന്ധപ്പെട്ട വ്യക്തികൾ തങ്ങളുടെ പ്രവർത്തി കൊണ്ട് ഈ സമൂഹത്തിനുണ്ടാക്കിയ ദുഷ്പേരിന്റെയും അപകടത്തിന്റെയും ആയിരം മടങ്ങ് ദോഷം ബാലന്റെ പ്രസിദ്ധീകരണം കൊണ്ടുണ്ടായി എന്നതാണ് വാസ്തവം. ബാലനെ അനുകൂലിച്ചവരും പ്രോത്സാഹിപ്പിച്ചവരും ഈ യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിച്ചു.

വലിയൊരു വിഭാഗം വായനക്കാർ ടി.എസ്. ബാലൻ എഴുതുന്നത് സത്യമെന്ന് വിശ്വസിച്ചു. അദ്ദേഹത്തിന് വിവരങ്ങളും പണവും നൽകി പ്രോത്സാഹിപ്പിച്ചവർ ധാരാളമുണ്ടായിരുന്നു. പ്രത്യേകിച്ച് മറുനാടൻ മലയാളികളായ ചിലരുടെ ശക്തമായ പിന്തുണയാണ് ടി.എസ്.ബാലനെ പിടിച്ചുനിർത്തിയത്. പെന്തെക്കോസ്ത് നേതാക്കളിൽ ഒട്ടുമിക്കപേരും ബാലന്റെ വാളിനിരയായവരാണ്. കാനം അച്ചനേപ്പോലെ ചുരുക്കം ചിലർ അവസാനം വരെ ബാലനോട് ചേർന്നു നിന്നു. മരണാനന്തര ചടങ്ങുകളിൽ കാനം അച്ചൻ, പാസ്റ്റർ എം.കുഞ്ഞപ്പി എന്നിവർ പങ്കെടുത്തു. പാസ്റ്റർ എം.കുഞ്ഞപ്പിയാണ് അവസാനമായി ബാലന്റെ വാളിനിരയായ പെന്തെക്കോസ്ത് നേതാവ്.

ഒന്നര പതിറ്റാണ്ടായി പ്രസിദ്ധീകരിക്കുന്ന ഡിഫൻഡർ പത്രം അടുത്ത ലക്കത്തോടെ പ്രസിദ്ധീകരണം അവസാനിപ്പിക്കുമെന്ന് അറിയുന്നു. താൻ മരിച്ചുകഴിഞ്ഞാൽ ഡിഫൻഡർ പ്രസിദ്ധീകരണം അവസാനിക്കുമെന്ന് നേരത്തെ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാമത്തെ പുത്രൻ അനീഷിനോടൊപ്പം ചെങ്ങന്നൂരിൽ തനിക്കെതിരെയുള്ള ഒരു കേസിന്റെ കാര്യങ്ങൾ വക്കീലുമായി ചർച്ച ചെയ്യുന്നതിന് പോയപ്പോഴാണ് ഹൃദയാഘാതം ഉണ്ടായത്. ആശുപത്രിയിൽ എത്തുന്നതിന് മുമ്പേ മരണം സംഭവിക്കുകയായിരുന്നു.

മൂത്തപുത്രൻ അബീഷ് ചില വർഷങ്ങൾക്ക് മുമ്പ് അബുദാബിയിൽ വച്ച് ഹൃദയാഘാതത്തെത്തുടർന്ന് മരണമടഞ്ഞു. മക്കൾ: അനീഷ്, അജിത, അനിത, അക്സ. ഭാര്യ: ആനന്തവല്ലി.

ഏതായാലും പെന്തെക്കോസ്ത് സമൂഹത്തെ ഇത്രയധികം സ്വാധീനിച്ച മറ്റൊരാൾ കഴിഞ്ഞ അരനൂറ്റാണ്ടിനിടെ ജീവിച്ചിരുന്നിട്ടില്ല. അദ്ദേഹം ഉണ്ടാക്കിയ സ്വാധീനം നെഗറ്റീവായാണോ പൊസിറ്റീവായാണോ എന്നത് ഇനിയും വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു. ഏതായാലും വിമർശനത്തിന്റെ ഒരു യുഗം അവസാനിപ്പിച്ചിരിക്കുന്നു.


ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

എല്ലാ മാസവും ടൂറുകൾ

പ്രത്യേകതകൾ
- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

അടുത്തയാത്ര സെപ്തംബർ 16

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക
ഫോൺ: 0469 2634321 / 9847166994

കൂടുതൽ വിവരങ്ങൾക്ക്
MARUPPACHA
PLANTHOTTAM COMPLEX, TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

അനുഭവ സാക്ഷ്യം

# അത്ഭുതങ്ങളുടെ ദൈവം



കൊല്ലം ജില്ലയിൽ പരവൂർ, നെടുങ്ങോലം, തൊടിയിൽ വീട്ടിൽ സുകുമാരന്റെയും ഗോമതിയുടെയും മകനായ ചന്ദ്രബാബു എസ് എന്ന ഞാനൊരു അക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചത്. എന്റെ ബാല്യകാലം ഏറെ കഷ്ടതകൾ നിറഞ്ഞതായിരുന്നു. ആദ്യം അമ്മയും ഏറെനാൾ കഴിയും മുമ്പെ അച്ഛനും മരിച്ചു. ഞാനും എന്റെ അനുജനും അനാഥരായി. മൂന്നാം വയസ്സിൽ പോളിയോ ബാധിച്ചതിനാൽ വലതുകാലിന് സ്വാധീനക്കുറവുള്ള എനിക്ക് മറ്റു കുട്ടികളോടൊപ്പം ഓടിച്ചാടി നടക്കുവാൻ കഴിഞ്ഞിരുന്നില്ല. ബന്ധുക്കളുടെയും, നാട്ടുകാരുടെയും സഹായത്താൽ ഞങ്ങൾ വളർന്നു. പലപ്പോഴും ആവശ്യത്തിന് ഭക്ഷണം ലഭിച്ചിരുന്നില്ല. വീട്ടുജോലികൾ ചെയ്തും മറ്റും 9-ാം ക്ലാസ് വരെ പഠിച്ചു. എന്നാൽ പല കാരണങ്ങളാൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

പല ജോലികൾ ചെയ്ത് ഒടുവിൽ വള്ളം കെട്ടുന്ന ജോലിയിലേർപ്പെട്ടു. ക്രമേണ എന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടു. സ്വന്തം കാലിൽ നിൽക്കാം എന്ന നിലയിലായി. ജീവിതത്തെക്കുറിച്ച് നിറപ്പകിട്ടാർന്ന കുറേ സ്വപ്നങ്ങൾ എനിക്കുണ്ടായിരുന്നു. പിന്നിട്ട ജീവിത പാതയിലെ ബുദ്ധിമുട്ടുകൾ എനിക്കൊരു വെല്ലുവിളിയായിരുന്നു. അങ്ങനെയിരിക്കെ എന്റെ ജീവിതഗതിയെ മാറ്റിമറിച്ച ഒരു സംഭവമുണ്ടായി. ജോലിസ്ഥലത്ത് ഞാൻ കുഴഞ്ഞുവീണു. തുടർന്ന് എന്റെ മൂക്കിൽ നിന്ന് രക്തം വരുവാൻ തുടങ്ങി. ഒരു വൈദ്യന്റെ കീഴിൽ ചികിത്സ നടത്തി എങ്കിലും ഫലമുണ്ടായില്ല. മറ്റേതെങ്കിലും ദോഷമാണോ എന്നറിയുവാൻ ആഭിചാരികളേയും ആശ്രയിച്ചു. പൂജാദികർമ്മങ്ങൾ അനുഷ്ഠിച്ചു. എങ്കിലും രോഗത്തിന് യാതൊരു ശമനവുമുണ്ടായില്ല. പണമെല്ലാം തീർന്നു. ജോലി ചെയ്യാൻ കഴിയാതെയായി. ശരീരം വിളറി വെളുത്തു. രോമകൂപങ്ങളിൽക്കൂടിയും മൂക്കിൽ നിന്നും, വിസർജ്ജ്യത്തിലൂടെയും പല്ലുകൾക്കിടയിലൂടെയും രക്തം വരാൻ തുടങ്ങി. അവശനിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ അഭയം പ്രാപിച്ചു.

വിവിധ പരിശോധനകൾക്ക് ശേഷം അപ്ലാസ്റ്റിക് അനിമിയ എന്ന അപൂർവ്വ രോഗമാണെന്ന് കണ്ടെത്തി. ശരീരത്തിലെ രക്തം ഉല്പാദിപ്പിക്കുന്ന സെല്ലുകൾ നിർജ്ജീവമാകുക, രക്തശോഷണം, രോഗപ്രതിരോധ ശേഷി നഷ്ടപ്പെടുക എന്നിവ ഇതിന്റെ ലക്ഷണങ്ങളിൽ ചിലതാണ്.

എന്റെ സ്വപ്നങ്ങളെല്ലാം തകർന്നുടഞ്ഞു. ഭാവിയേക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം അസ്തമിച്ചു. ചുറ്റും സഹതാപത്തോടെ നോക്കുന്ന കണ്ണുകൾ മാത്രം. ധാരാളം രക്തവും പ്ലാസ്മയും എന്റെ ശരീരത്തിൽ കയറ്റി. അവയെല്ലാം നഷ്ടപ്പെട്ടു കൊണ്ടിരുന്നു. മജ്ജ മാറ്റിവക്കൽ ശസ്ത്രക്രീയ ഉൾപ്പെടെ ചിലവേറിയ ചികിത്സകൾ മാത്രമാണ് ഏകപോംവഴി. വിദേശത്തു നിന്നും ചില മരുന്നുകൾ കൊണ്ടുവരണം. ഏതാണ്ട് പതിനാറര ലക്ഷം രൂപയുടെ ചിലവാണ് ഡോക്ടർമാർ നിർദ്ദേശിച്ചത്. അനാഥനും നിർധനനുമായിരുന്ന ഞാൻ നിസ്സഹായനായിരുന്നു. ചികിത്സ തേടുന്ന എന്റെ വാർത്തയും ചിത്രവും അന്ന് കേരളകൗമുദി, മാതൃഭൂമി ദിനപത്രങ്ങളിൽ വന്നിരുന്നു.

എന്റെ ദുർവിധിയെ ശപിച്ചുകൊണ്ട് കിടക്കുമ്പോൾ ഒരു ദിവസം ശ്രീകാര്യത്തു നിന്ന് ഒരു പാസ്റ്റർ എന്റെ അടുക്കൽ വന്നു. യേശുവിനെക്കുറിച്ചും രോഗസൗഖ്യത്തെക്കുറിച്ചും എന്നോട് പറഞ്ഞു. എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. എനിക്കതൊന്നും ഉൾക്കൊള്ളുവാനും വിശ്വസിക്കുവാനും കഴിഞ്ഞില്ല. സാമ്പത്തികം മാത്രമായിരുന്നു അപ്പോഴത്തെ എന്റെ ആവശ്യം. അദ്ദേഹത്തിന്റെ പ്രാർത്ഥനാലയത്തിലേക്ക് വരുവാൻ ക്ഷണിച്ചിട്ട് ഫോൺ നമ്പറും വിലാസവും നൽകി താൻ പോയി. ആ ദൈവദാസന് പ്രത്യേക ദൈവനിയോഗമുണ്ടായതിനാലാണ് എന്നെ അന്വേഷിച്ചു വന്നതെന്ന് ഞാൻ പിന്നീടറിഞ്ഞു.

അങ്ങനെയിരിക്കെ സായിബാബയെ സന്ദർശിച്ചാൽ രോഗം മാറുമെന്ന് ചിലരെന്നോട് പറഞ്ഞു. ഡിസ്ചാർജ്ജ് വാങ്ങി ഞാനും എന്റെ അനുജനും കൂടി സായിബാബയെ സന്ദർശിച്ചു. എല്ലാം ശരിയാകും എന്ന് പറഞ്ഞ് അല്പം ഭസ്മം തന്നു. തിരികെ പോരുമ്പോൾ ട്രെയിനിൽ എന്റെ രോഗം കലശലായി. ശരീരത്തിന്റെ വിവിധഭാഗത്തു നിന്നും രക്തം വമിക്കുവാൻ തുടങ്ങി. അടുത്തിരുന്നവർ ഭയന്നു. അപ്പോൾ എന്നെ സന്ദർശിച്ചു പോയ പാസ്റ്ററുടെ വാക്കുകൾ ഓർമ്മയിലെത്തി. ദൈവം എനിക്ക് ആയുസ് തന്നാൽ അവിടെ പ്രാർത്ഥിക്കുമെന്ന് ഞാൻ സ്വയം തീരുമാനിച്ചു.

പിറ്റേ ദിവസം തന്നെ ഞാൻ ശ്രീകാര്യത്ത് പാസ്റ്ററുടെ അടുക്കലെത്തി. അവിടെ ഒരു കൂട്ടം ദൈവമക്കൾ എനിക്കായി ഉപവസിച്ച് പ്രാർത്ഥിക്കുകയായിരുന്നു. ഞാനും പ്രാർത്ഥനയിൽ പങ്ക് ചേർന്നു. 7-ാം ദിവസം പകൽ 12 മണിക്ക് ഒരു കൈ എന്നെ സ്പർശിച്ചതായി എനിക്കനുഭവപ്പെട്ടു. കണ്ണു തുറന്നു നോക്കിയപ്പോൾ ആരും എന്നെ തൊട്ടതല്ലെന്ന് മനസ്സിലായി. അത് യേശുവിന്റെ കരമായിരുന്നു. ആ പ്രാർത്ഥന 21 ദിവസം നീണ്ടു. ഈ ദിവസങ്ങളിൽ എന്നിൽ വലിയ ദൈവപ്രവർത്തി നടന്നു. ഞാൻ പാപിയും നിസ്സഹായനും ആണെന്നും, എനിക്ക് ആത്മരക്ഷ ആവശ്യമാണെന്നും, യേശു ദൈവം ആണെന്നും, യേശുക്രിസ്തുവിലൂടെ മാത്രമേ ആത്മരക്ഷ പ്രാപിക്കുവാൻ കഴിയൂ എന്നും വിശുദ്ധ ബൈബിളിന്റെ അടിസ്ഥാനത്തിൽ എനിക്ക് ബോദ്ധ്യമായി.

2003 നവംബർ 5-ന് മതം എനിക്ക് പരിചയപ്പെടുത്തിത്തന്ന അനേകം ദൈവങ്ങളോട് വിടപറഞ്ഞിട്ട് ഏകസത്യദൈവമായ യേശുക്രിസ്തുവിനെ എന്റെ ദൈവവും രക്ഷകനുമായി ഹൃദയത്തിൽ സ്വീകരിച്ചു. എന്റെ കഠിനരോഗത്തെ ദൈവം സൗഖ്യമാക്കി.

പ്രാർത്ഥനയിൽ തുടർന്നു കൊണ്ടിരുന്ന ആ ദിവസങ്ങളിൽ എന്റെ ശരീരത്തിൽ പല മാറ്റങ്ങൾ സംഭവിച്ചു. ആഭിചാര-മന്ത്ര, തന്ത്രങ്ങളിലൂടെ എന്നിൽ വ്യാപരിച്ചിരുന്ന ഭൂതശക്തികൾ എന്നിൽ നിന്ന് വിട്ടുപോയി. ഒരു ദിവസം ഞാൻ മരിച്ചു എന്ന് എല്ലാവരും കരുതി. കൂട്ടനിലവിളി ഉയർന്നു. എന്റെ ശരീരത്തിൽ നിന്ന് എന്തോ ഒന്ന് നഷ്ടപ്പെട്ടതായി എനിക്കനുഭവപ്പെട്ടു. പിന്നെ ഒന്നും ഞാനറിഞ്ഞില്ല. പാസ്റ്റർ എന്റെ രണ്ടു കൈപ്പത്തികളിലും തന്റെ കരങ്ങൾ ചേർത്തു വച്ച് പ്രാർത്ഥിച്ചു. നഷ്ടപ്പെട്ട ജീവൻ എന്നിലേക്ക് തിരികെ വന്നു. അത്യുച്ചത്തിൽ ദൈവത്തിന് സ്തുതി അർപ്പിച്ചുകൊണ്ട് ഞാൻ ചാടി എഴുന്നേറ്റു. കണ്ടു നിന്നവർ ദൈവത്തിന് മഹത്വം കൊടുത്തു.

വീണ്ടും ആശുപത്രിയിൽ പോയി രക്തം പരിശോധിച്ചപ്പോൾ മുമ്പ് എന്റെ എച്ച്.ബി 3.1 ആയിരുന്നത് 14.9 ആയി. എന്റെ സൗഖ്യം ബാഹ്യമായും ആന്തരികമായും വ്യക്തമാക്കപ്പെട്ടു. മരണത്തിന്റെ കാലൊച്ച കേട്ടു കിടന്നിരുന്ന ഞാൻ ജീവനും നിത്യജീവനും പ്രാപിച്ചു. തുടർന്ന് വിശ്വാസ സ്നാനം സ്വീകരിച്ചു. എന്നെ രക്ഷിച്ച യേശുക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയണമെന്ന ആത്മപ്രേരണയാൽ ഒരു സുവിശേഷകനാകുവാൻ സമർപ്പിച്ചു. 2006-2008 വരെ എറണാകുളത്തെ ഒരു വേദപാഠശാലയിൽ ചേർന്ന് ദൈവവചനം അഭ്യസിക്കുകയും പ്രായോഗിക പരിശീലനം നേടുകയും ചെയ്തു. ഇപ്പോൾ കർത്താവ് എന്നെ ഏല്പിച്ച ആത്മീയ ശുശ്രൂഷകളിൽ ആയിരിക്കുന്നു.

**സുവി.ചന്ദ്രബാബു എസ്,**
**ഫോൺ: 9446968980**

# ബൈബിൾ സ്കൂൾ ആരംഭിച്ചു

ഇംഗ്ലണ്ട്: ബെഥേൽ ബൈബിൾ കോളേജിന്റെ (പുനലൂർ), വിദൂരപഠനശാഖയായ ഗിറ്റ്സിന്റെ ആഭിമുഖ്യത്തിൽ യു.കെ.യിൽ ബൈബിൾ സ്കൂൾ ആരംഭിച്ചു. ക്രമീകൃതമായി വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഇതൊരു സുവർണ്ണാവസരമാണ്. ഹൈവൈക്കോമ്പ് ബാപ്റ്റിസ്റ്റ് ചർച്ചിൽ വച്ച് 2013 ജൂൺ 13-ന് പാസ്റ്റർ വർഗ്ഗീസ് എം. സാമുവേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ജയിസ് ജോർജ്ജ് (വെംബ്ലി, ലണ്ടൻ) പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. പാസ്റ്റർ ഫിന്നി ജോൺ (വൈക്കോമ്പ്), പാസ്റ്റർ ഷാജി എം. പോൾ (വെണ്ണിക്കുളം), പാസ്റ്റർ തോമസ് ശാമുവേൽ (സ്ലോ) എന്നിവർ ആശംസ അറിയിച്ചു. ഹൈവൈക്കൊമ്പ്, വെംബ്ലി, മാഞ്ചസ്റ്റർ, നോർത്താംപ്റ്റൻ എന്നിവിടങ്ങളിൽ ക്രമീകൃതമായി ക്ലാസ്സുകൾ നടക്കുന്നു.

## ഭാരവാഹികൾ

മഞ്ചേരി: ഐ.പി.സി.മഞ്ചേരി ഏരിയാ കൗൺസിൽ ഭാരവാഹികളായി പാസ്റ്റർ കെ.സി.ഉമ്മൻ (പ്രസിഡന്റ്), പാസ്റ്റർ കെ.വി.ജേക്കബ് (സെക്രട്ടറി), ഏബ്രഹാം ബി.എസ്. (ജോ.സെക്രട്ടറി), രാജൻ ഈനോസ് (ട്രഷറാർ) എന്നിവരെ തിരഞ്ഞെടുത്തു.

## ഭാരവാഹികൾ

മണ്ണാർക്കാട്: ഐ.പി.സി.മണ്ണാർകാട് ഏരിയായുടെ ഭാരവാഹികളായി പാസ്റ്റർ എ.സി.ഏബ്രഹാം (പ്രസിഡന്റ്), പാസ്റ്റർ ജോർജ്ജ് കുര്യൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ പി.ഒ. ഡേവിഡ് (സെക്രട്ടറി), പാസ്റ്റർ ജോസഫ് ജോൺ (ജോ.സെക്രട്ടറി), പാസ്റ്റർ വർഗീസ് മുല്ലപ്പാടം (ട്രഷറാർ), പാസ്റ്റർ ശ്രീനിവാസൻ (ജോ.ട്രഷറാർ), പാസ്റ്റർ റെജി യോഹന്നാൻ (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ അന്ത്രെയോസ് (ഇവാഞ്ചലിസം ചെയർമാൻ), കമ്മറ്റി അംഗങ്ങളായി സാജൻ എം.ജോൺ, വിജയൻ, ജെൻസൻ, പി.ജെ.സണ്ണി (സൺഡേ സ്കൂൾ സൂപ്രണ്ട്), പി.ഡി.രമേശ് (പി.വൈ.പി.എ.പ്രസിഡന്റ്), ബ്ലസൻ (സെക്രട്ടറി), സഹോദരി സമാജം പ്രസിഡന്റ് സിസ്റ്റർ ലിസി ഏബ്രഹാം, വൈസ് പ്രസിഡന്റ് സുജാതാ രമേശ്, സെക്രട്ടറി ആലീസ് ഫിലിപ്പ്, ജോ.സെക്രട്ടറി സൂസി ജോൺ, ട്രഷറാർ ഷേർലി ഡേവിഡ്, കമ്മറ്റി അംഗങ്ങളായി അന്നമ്മ പി.എ., മിനി സണ്ണി എന്നിവരെയും തിരഞ്ഞെടുത്തു.


## പാസ്റ്റർ പി.ജെ ഡാനിയേൽ രചിച്ച മൂന്ന് പുസ്തകങ്ങൾ വില്പനയിൽ

### വെളിപ്പാടു പുസ്തക വ്യാഖ്യനം

"പാസ്റ്റർ പി. ജെ. ഡാനിയേൽ എഴുതിയ വെളിപ്പാടു പുസ്തകത്തിന്റെ മൂല പ്രതി വായിക്കുവാനിടയായി. മലയാളക്കരയിൽ ഇത്രയും വിശാലമായ ഒരു വെളിപ്പാടു പുസ്തക വ്യാഖ്യാനം ആരും എഴുതിയിട്ടില്ല"

– പാസ്റ്റർ എം.വി. ചാക്കോ

പേജ് 360 വില 250/-




### പ്രാർത്ഥനയ്ക്ക് ഒരു മാർഗ്ഗ നിർദ്ദേശം

"വായിച്ചു തുടങ്ങിയപ്പോൾ വായിച്ചവസാനിപ്പിക്കാതെ വായന നിറുത്തുവാൻ തോന്നിയില്ല. അത്ര മനോഹരമായ ഈടുറ്റ ഒരു ഗ്രന്ഥമാണിത്."

- പാസ്റ്റർ. കെ.സി. തോമസ്
*President IPC Kerala State Council*

പേജ് 120 വില 90/-




### ദൂതശാസ്ത്രം

സാത്താന്റെ ഉത്ഭവം, ഭൂതാത്മാക്കളുടെ ഉത്ഭവം ദൈവപുത്രന്മാർ, മനുഷ്യ പുത്രിമാർ എന്നിങ്ങനെ കുഴക്കുന്ന അനവധി വിഷയങ്ങൾ ലളിതമായും ദൈവ വചന അടിസ്ഥാനത്തിലും വ്യക്തമാക്കിയിരിക്കുന്നു

പേജ് 115 വില 125/-



465 രൂപ മുഖവിലയുള്ള മൂന്ന് പുസ്തകങ്ങൾ 300 രൂപയ്ക്ക് ലഭിക്കുന്നു (പോസ്റ്റേജ് സഹിതം) താഴെക്കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

പാസ്റ്റർ പി.ജെ. ഡാനിയേൽ
കൃപാവില്ല, അരുവിയോട്, മണ്ണന്തല – പി.ഒ. തിരുവനന്തപുരം 695015
ഫോൺ: 0471–2545741/ 09447205925


# ലോഗോസ് മിഷൻ ട്രസ്റ്റ് ഉദ്ഘാടനം

നെടുമങ്ങാട്: ലോഗോസ് മിഷൻ ട്രസ്റ്റിന്റെ ഉദ്ഘാടനവും വിവിധ സഹായവിതരണവും നല്ലിക്കുഴിയിൽ നടത്തി. പ്രസിഡന്റ് റ്റി.ജയദാസിന്റെ അദ്ധ്യക്ഷതയിൽ ചർച്ച് ഓഫ് ഗോഡ് തിരുവനന്തപുരം ഡിസ്ട്രിക്ട് പാസ്റ്റർ സി. എം.വത്സലദാസ് ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസവും 50 പേർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പരിപാടി പാസ്റ്റർ വിത്സൻ ജോർജ്ജ് നിർവ്വഹിച്ചു. പ്രായമായ 20 പേരെ രക്ഷാസൈന്യം മേജർ ഡി.ബോവസ് പൊന്നാട അണിയിച്ച് ആദരിച്ചു. 20 പേർക്ക് സൗജന്യ കണ്ണട വിതരണം നടത്തി. 20 പേർക്ക് സി.എഫ്.സി.ലാംപ് വിതരണം ചെയ്തു. 25 പേർക്ക് വിധവാ സഹായവും നൽകി. എൽ.പി.എസ് മുതൽ ഡിഗ്രിതലം വരെയുള്ള 200 വിദ്യാർത്ഥികൾക്ക് സൗജന്യ നോട്ട്ബുക്ക് വിതരണവും നടത്തി. എ.ജി.നെടുമങ്ങാട് സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ എം.ജെ. ഫിലിപ്പ് സ്വാഗതവും ഗമാലിയേൽ കൃതജ്ഞതയും രേഖപ്പെടുത്തി.


## വേങ്ങൂർ കൺവൻഷനും പാസ്റ്റേഴ്സ് കോൺഫ്രൻസും



വേങ്ങൂർ: ട്രൂ ലൈറ്റ് ഫോർ ഏഷ്യാ സഭകളുടെയും ബിബ്ലിക്കൽ സെമിനാരിയുടെയും ആഭിമുഖ്യത്തിൽ വേങ്ങൂർ TLFA സെന്ററിൽ ആഗസ്റ്റ് 21-ാം തീയതി മുതൽ പാസ്റ്റേഴ്സ് കോൺഫ്രൻസും കൺവൻഷനും നടക്കുന്നു. 21-ാം തീയതി രാവിലെ 11 മണിക്ക് ആരംഭിക്കുന്ന മീറ്റിംഗ് 23-ന് വെള്ളിയാഴ്ച 1 PM-ന് അവസാനിക്കും.

ഈ മീറ്റിംഗുകളിൽ സംബന്ധിക്കുന്നവർക്ക് താമസ സൗകര്യം, ഭക്ഷണം, യാത്രാച്ചിലവ് എന്നിവ ക്രമീകരിക്കുന്നതാണ്. "സഭാ വളർച്ചയിൽ പരിശുദ്ധാത്മാവിന്റെ പങ്ക്" എന്ന വിഷയത്തെ ആസ്പദമാക്കി സ്വദേശികളും വിദേശികളുമായ ദൈവദാസന്മാർ ക്ലാസെടുക്കുന്നു. ആദ്യം ബന്ധപ്പെടുന്ന 300 പേർക്ക് പങ്ക് ചേരുവാൻ അവസരമുണ്ട്. സഭാ വ്യത്യാസമില്ലാതെ എല്ലാ ശുശ്രൂഷകന്മാരെയും ക്ഷണിക്കുന്നു. താഴെക്കാണുന്ന ഫോൺ നമ്പറിലോ ഇമെയിലിലോ ബന്ധപ്പെടുക

**0474-2492353, 9496364114, 9447691768, email: truelightforasia@yahoo.com**

TRUE LIGHT FOR ASIA
Vengoor P.O., Ayur Via, Kollam Dist., Kerala-691533.



## എക്സ്റ്റേണൽ കോഴ്സ് സെമിനാർ

**Accredited by Asia Theological Association (ATA)**

ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ M.Div എക്സ്റ്റേണൽ കോഴ്സിന്റെ അടുത്ത സെമിനാർ **September 9-13** വരെ സെമിനാരിയിൽവച്ച് നടക്കുന്നതാണ്.

**Application invites from University Graduates/ B.Th (ATA/ Serampore), Mature Candidates.**

കൂടുതൽ വിവരങ്ങൾക്ക് :
**New Life Biblical Seminary, Cheruvakal (P.O) Kollam-691 533,**
**Phone: 9048944345, 9447236394, 9447766316**
**E-mail: newlifebs2008@hotmail.com www.nlbs.org**

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. **KL/KTM/209/2012-14**
Licence No. **KL/CR/KTM/WPP-28/2012-14**
Licensed to Post without Prepayment
Posted on **1st August 2013 at RMS Kottayam**

# വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫ്രൻസ്


*റവ.ഡോ.ജോർജ്ജ് സി. കുരുവിള*


*പാസ്റ്റർ പി.സി. ചെറിയാൻ*


*പാസ്റ്റർ അശിൻ രമണി*

എഡ്മണ്ടൻ: 25-ാമത് വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫ്രൻസ് ആഗസ്റ്റ് 8-11 വരെ മിൽവുഡ്സ് പെന്തെക്കോസ്തൽ അസംബ്ലിയിൽ നടക്കും. അമേരിക്കയുടെ വടക്കൻ സംസ്ഥാനങ്ങൾ, കാനഡ എന്നിവിടങ്ങളിലെ മലയാളി പെന്തെക്കോസ്തരുടെ ഏറ്റവും വലിയ സമ്മേളനമാണിത്.

റവ.ഡോ.ജോർജ്ജ് സി.കുരുവിള, പാസ്റ്റർ പി.സി.ചെറിയാൻ, പാസ്റ്റർ അശിൻ രമണി എന്നിവർ മുഖ്യപ്രസംഗകരായിരിക്കും. ആത്മനിറവിലുള്ള ആരാധന, വചനശുശ്രൂഷ, സെമിനാറുകൾ, യുവജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേകം പ്രത്യേകം സെഷനുകൾ, ബൈബിൾ ക്വിസ്, ടാലന്റ് ഷോ തുടങ്ങിയവ ഉണ്ടായിരിക്കും. പ്രശസ്ത കനേഡിയൻ ഗായകൻ ജാസൻ സേർബിൻ, മാറാ നാഥാ ഗോസ്പൽ വോയ്സ് തുടങ്ങിയവർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. ജൂബിലി സുവനീർ പ്രകാശനവും കോൺഫ്രൻസിനോടനുബന്ധിച്ച് നടക്കും.

1988-ൽ കാൽഗറിയിലെയും എഡ്മണ്ടനിലെയും വിശ്വാസികൾ ഫിലിപ്പ് ഏബ്രഹാമിന്റെ ഭവനത്തിൽ മാസയോഗമായി ആരംഭിച്ച കൂട്ടായ്മയാണ് ഇന്ന് വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫ്രൻസായി രൂപപ്പെട്ടത്. പാസ്റ്റർ വിത്സൺ കടവിൽ ആദ്യസംഗമത്തിന് നേതൃത്വം നൽകി. 1989-ൽ കാൽഗറി, എഡ്മണ്ടൻ, ഫോർട്ട് മക്മുറേ എന്നിവിടങ്ങളിൽ നിന്നുള്ള വിശ്വാസികൾ ചേർന്നു നടത്തിയ സംഗമത്തിന് ജോസ് കടവിൽ, ജോസഫ് അലക്സാണ്ടർ, പൊന്നച്ചൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. 1991-ൽ വാൻകോവറിൽ നടന്ന കോൺഫ്രൻസിനെത്തുടർന്നാണ് വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫ്രൻസ് എന്ന് നാമകരണം ചെയ്യപ്പെട്ടത്.

## റവ. കെ. എം. തങ്കച്ചൻ ചർച്ച് ഓഫ് ഗോഡ് ഗവേണിംഗ് ബോഡി അഖിലേന്ത്യാ ചെയർമാൻ



ചെന്നൈ: ചർച്ച് ഓഫ് ഗോഡ് ഗവേണിംഗ് ബോഡി അഖിലേന്ത്യാ ചെയർമാനായി റവ.കെ.എം.തങ്കച്ചനെയും, റവ.ജ്ഞാനദാസിനെ (തമിഴ്നാട് ഓവർസിയർ) ഗവേണിംഗ് ബോഡി സെക്രട്ടറിയായും ചെന്നൈയിൽ നടന്ന അഖിലേന്ത്യാ ഗവേണിംഗ് ബോഡി മീറ്റിംഗിൽ തിരഞ്ഞെടുത്തു. ദൈവസഭയുടെ ഏഷ്യാ പെസഫിക് റീജിയണൽ സൂപ്രണ്ട് റവ.ടെന്നീസ് ഹെപ്പ്നർ മീറ്റിങ്ങിൽ സംബന്ധിച്ചിരുന്നു. കൊൽക്കൊത്ത ആസ്ഥാനമായ കിഴക്കൻ മേഖലാ ഓവർസിയറായ റവ.കെ.എം.തങ്കച്ചൻ നാലാം തവണയാണ് ചെയർമാനാകുന്നത്.

കേരളത്തിൽ വിവിധ സഭകളിൽ പാസ്റ്റർ, കേരളാ സ്റ്റേറ്റ് യൂത്ത് ഡയറക്ടർ, ബൈബിൾ സെമിനാരി അധ്യാപകൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1982 മുതൽ വടക്കേ ഇന്ത്യയിൽ പ്രവർത്തനത്തിലായിരിക്കുന്നു.



## വിവാഹിതരായി

പി.വൈ.പി.എ.സ്റ്റേറ്റ് ട്രഷറാർ സുവി. അജു അലക്സും ഭാര്യ ജാൻസിയും ഐ.പി.സി.ജനറൽ വൈസ്പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ് ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ എന്നിവരോടൊപ്പം.













PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.